# 3

# ക്രിസ്തു, മോശെയെക്കാൾ വലിയവൻ

## (3:1–19)

യെഹൂദന്മാർ പ്രവാചകന്മാരിലും (1:1) ദൂതന്മാർ മുഖാന്തരം നൽകിയ ന്യായപ്രമാണത്തിലും പ്രശംസിച്ചിരുന്നു (2:2). ഏറ്റവും വലിയ ന്യായപ്രമാണദാതാവായ–മോശെയെ അവർക്ക് നൽകിയിരിക്കുന്നു എന്നാണ് അവർ വിശ്വസിച്ചിരുന്നത്. അവരുടെ വിശ്വാസ വ്യവസ്ഥയിൽ, മോശെ കഴിഞ്ഞാൽ അടുത്ത പ്രാധാന്യമുള്ള വ്യക്തിയായിരുന്നു മഹാപുരോഹിതൻ.

യെഹൂദന്മാരിൽനിന്നു വിശുദ്ധന്മാരായവർ തിരിച്ച് യെഹൂദ മതത്തിലേക്ക് പോകാതിരിക്കുവാൻ ഉത്തേജിപ്പിക്കുകയായിരുന്നു ഈ ലേഖനത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. അവർ പ്രവാചകന്മാരെയും, ന്യായപ്രമാണത്തെയും, മോശെയെയും വലിയ ആദരവോടെയാണ് കണ്ടിരുന്നത്. അതിനാലായിരുന്നു ക്രിസ്തു മോശെയെക്കാളും, ആദ്യത്തെ മഹാപുരോഹിതനായ അഹരോനെക്കാളും വലിയവൻ എന്നു ലേഖകൻ അവർക്ക് കാണിച്ചുകൊടുത്തത്. അതിനെ തുടർന്ന്, എബ്രായർ 3:1–4:13 വരെ, ക്രിസ്തു മോശെയെക്കാൾ വലിയവൻ എന്ന് പ്രസ്താവിച്ചിരിക്കുന്നു.

### ക്രിസ്തു, അപ്പൊസ്തലനും മഹാപുരോഹിതനുമാണ് (3:1-6)

**3:1–6**

**1അതുകൊണ്ട് വിശുദ്ധസഹോദരന്മാരേ, സ്വർഗീയവിളിക്ക് ഓഹരിക്കാരായോരേ, നാം സ്വീകരിച്ചു പറയുന്ന അപ്പൊസ്തലനും മഹാപുരോഹിതനും ആയ യേശുവിനെ ശ്രദ്ധിച്ചുകൊൾവിൻ. 2മോശെ ദൈവഭവനത്തിൽ ഒക്കെയും വിശ്വസ്തനായിരുന്നതുപോലെ യേശുവും തന്നെ നിയമിച്ചാക്കിയവന്നു വിശ്വസ്തൻ ആകുന്നു. 3ഭവനത്തെക്കാളും ഭവനം ചമച്ചവന്ന് അധികം മാനം ഉള്ളതുപോലെ യേശുവും മോശെയെക്കാൾ അധികം മഹത്വത്തിന്നു യോഗ്യൻ എന്നു എണ്ണിയിരിക്കുന്നു. 4ഏതു ഭവനവും ചമെപ്പാൻ ഒരാൾ വേണം; സർവ്വവും ചമെച്ചവൻ ദൈവം തന്നെ. 5അവന്റെ ഭവനത്തിൽ ഒക്കെയും മോശെ വിശ്വസ്തനായിരുന്നത് അരുളിച്ചെയ്വാനിരുന്നതിനു സാക്ഷ്യം പറയുന്ന ഭൃത്യനായിട്ടത്രെ. 6ക്രിസ്തുവോ അവന്റെ ഭവനത്തിനു അധികാരിയായ പുത്രനായിട്ടു തന്നെ; പ്രത്യാശയുടെ ധൈര്യവും പ്രശംസയും നാം അവസാനത്തോളം മുറുകെ പിടിച്ചുകൊണ്ടാൽ നാം തന്നെ ദൈവത്തിന്റെ ഭവനം ആകുന്നു.**

ലേഖകൻ ചർച്ച ചെയ്യുന്നതിന്റെ മുഖ്യഭാഗം മറ്റൊരു പ്രബന്ധ പ്രസ്താവനയായി വാക്യങ്ങൾ 1 ലും 2 ലും കാണാം. മോശെ മദ്ധ്യസ്ഥത വഹിക്കു

ന്നവനും പ്രവാചകനും ആയിരുന്നു. തനിക്ക് പകരം മറ്റൊരു പ്രവാചകനെ ദൈവം അയക്കും എന്ന് അവൻ മുന്നറിയിച്ചിരുന്നു (ആവ. 18:15–18). 2:17–ൽ പറഞ്ഞതുപോലെ, "പുതിയ മോശെയും," പുതിയ "അപ്പൊസ്തലനും, മഹാ പുരോഹിതനും" വന്നതായ "പുതുമയിൽ" ഉൾപ്പെട്ടിരുന്നു. പഴയനിയമത്തിൽ മോശെയും അഹരോനും വേറിട്ട് ചെയ്ത പ്രവൃത്തികൾ യേശു പുതിയ നിയമത്തിൽ ചെയ്തു.[1]

**വാക്യം 1. വിശുദ്ധ സഹോദരന്മാരേ** എന്ന പ്രയോഗം പുതിയ നിയമത്തിൽ ഇവിടെ മാത്രമാണുള്ളത്.[2] കൊലൊസ്യർ 1:2 ൽ പൗലൊസും അതേ പ്രയോഗമായ "വിശ്വസ്ത സഹോദരന്മാർ" എന്ന് പറഞ്ഞിട്ടുണ്ട്, എന്നാൽ "വിശുദ്ധ സഹോദരന്മാർ" എന്നത് പ്രത്യേകതയുള്ളതാണ്. ക്രിസ്തുവിനോടുള്ള അവരുടെ ബന്ധം നിമിത്തം "സഹോദരന്മാർ" "വിശുദ്ധർ" ആയിരിക്കണം (ഗലാ. 3:26, 27). ഗ്രീക്കിലെ ഒരേ മൂല വാക്കിൽ നിന്നു തർജ്ജിമ ചെയ്തതാണ് "വിശുദ്ധ" "വിശുദ്ധൻ" എന്നീ വാക്കുകൾ: *ഹാഗിയോസ്* ഒരു നാമവും, *ഹാഗിയാസോ* ക്രിയയുമാണ്. ആ വാക്കിന്റെ അർത്ഥം, "വേർതിരിക്കുക," അല്ലെങ്കിൽ "ദൈവത്തിനായി സമർപ്പിക്കുക." പഴയ നിയമത്തിലെ "വിശുദ്ധ ജനം" എന്ന ആശയമാണ് ലേഖകൻ പറയുന്നത് (പുറ. 19:6; 1 പത്രൊ. 2:9). "വിശുദ്ധജനം" എന്ന പ്രയോഗം പഴയനിയമത്തിൽ എട്ടു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. ആദ്യം അത് ആവർത്തനപുസ്തകം 7:6 ലും, അവസാനം കാണുന്നത് ദാനിയേൽ 12:7 ലുമാണ്. ക്രിസ്ത്യാനികൾ വാസ്തവമായും വേർപെട്ട "വിശുദ്ധ" ജനമാണ് (*ഹാഗിയോയി*).

**നാം സ്വർഗീയ വിളിക്ക് ഓഹരിക്കാരാണ്**, അത് നാം ക്രിസ്തുവിനെ സ്വീകരിച്ച് "ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ഓടി തുടങ്ങുമ്പോഴാണ്" അത് സംഭവിക്കുന്നത് (ഫിലി. 3:14). അങ്ങനെ സംഭവിക്കുന്നതിനു പുറമെ, "വിളിക്കുക" എന്ന വാക്ക് പൗലൊസ് എട്ടു പ്രാവശ്യവും, പത്രൊസ് ഒരു പ്രാവശ്യവും ഉപയോഗിച്ചിരിക്കുന്നു, അത് പുതിയ നിയമത്തിൽ മറ്റൊരു ഭാഗത്തും കാണുവാൻ കഴിയുകയില്ല. നമ്മെ വിളിക്കുന്ന വിളിയുടെ സ്വഭാവം "സ്വർഗീയമാണ്." ആ വാക്ക് എബ്രായ ലേഖനത്തിൽ ആറു പ്രാവശ്യം കാണാം. "സ്വർഗീയം" എന്ന നാമവിശേഷണം എബ്രായ ലേഖനത്തിൽ ആറു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (എബ്രാ. 6:4; 8:5; 9:23; 11:16; 12:22). അത് നമ്മെ സ്വർഗീയ യെരുശലേമിലേക്ക് നയിക്കുന്നതിനാൽ" നമ്മുടെ "വിളി" എന്നാണ് പറഞ്ഞിരിക്കുന്നത് (12:22). അബ്രഹാമിനെ ദൈവം വിളിച്ച് അയച്ചതുപോലെ സ്വർഗീയ ദേശത്തേക്കാണ് നമ്മെ നയിക്കുന്നത് (11:16).

എബ്രായർ 3:1–ൽ ഇത് രണ്ടാം പ്രാവശ്യം ആണ് **യേശു** എന്ന പേർ പറഞ്ഞിരിക്കുന്നത്. ലേഖകന് ആ പേർ മുഖ്യമായിരുന്നു; ഈ ലേഖനത്തിൽ, അത് പതിനാല് പ്രാവശ്യം കാണാം. അവന്റെ പേർ ഇവിടെ ഊന്നി പറയുന്നത് എബ്രായർക്ക് അവന്റെ മാനുഷ്യ വശം ബോധ്യമാക്കുന്നതിനാണ്. അങ്ങനെ അവൻ ജഡത്തിൽ അവരെ പോലെ ആയിരുന്നു എന്ന് മുഴുവനായും മനസിലാക്കുവാൻ ഇടവരും.

**അപ്പൊസ്തലൻ** എന്ന വാക്കിന്റെ ഗ്രീക്ക് വാക്ക്, അപ്പോസ്തോലോസ് എന്നാണ്, അർത്ഥം "അയക്കപ്പെട്ടവൻ." ദൈവത്തിന്റെ സ്ഥാനാപതികളായി പ്രത്യേക ദൗത്യത്തിലേർപ്പെടുന്ന വിശ്വാസികളിൽ ഉയർന്ന ആദരവുള്ള" കൂട്ടത്തെയാണ് അങ്ങനെ അറിയപ്പെടുന്നത്.[3] ആ വാക്ക് പുതിയ നിയമത്തിൽ

പല പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ടെങ്കിലും ക്രിസ്തുവിനെ കുറിച്ച് “അപ്പൊസ്തലൻ” എന്ന വാക്ക് ഇവിടെ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്.

*അപ്പോസ്ടെല്ലാ* എന്ന ക്രിയ പലപ്പോഴും യേശുവിനെ കുറിച്ച് പറയുവാനാണ് ഉപയോഗിച്ചിട്ടുള്ളത്. നൂറിലധികം പ്രാവശ്യം പുതിയനിയമത്തിൽ കാണാവുന്ന സാധാരണ വാക്കാണ് അത്. മത്തായി 15:24 ൽ ആണ് ക്രിസ്തുവിനെ കുറിച്ച് *അപ്പോസ്ടെല്ലാ* എന്ന വാക്ക് ഉപയോഗിച്ചത്.

പ്രത്യേക ദൗത്യത്തിനായി മോശെയെയും യേശുവിനെയും ദൈവം അയച്ചു (പുറ. 3:10), അതുകൊണ്ട് രണ്ടു പേരെയും ദൈവത്തിന്റെ അപ്പൊസ്തലന്മാർ എന്നു പേർ വിളിച്ചിരിക്കുന്നു.[4] യോഹന്നാൻ സ്നാപകനും യേശുവും ദൈവത്താൽ അയക്കപ്പെട്ടവരാണെന്ന് യോഹന്നാന്റെ സുവിശേഷം ഊന്നി പറയുന്നു (3:34; 5:24, 36, 37; 6:29; 10:36; 11:42; 17:3; 1 യോഹ. 4:10). ദൈവം ക്രിസ്തുവിനെ അയച്ചതുപോലെ, അപ്പൊസ്തലന്മാരെ ക്രിസ്തു അയച്ചതായിരുന്നു (യോഹ. 17:18; 20:21).

അപ്പൊസ്തലൻ എന്ന വാക്കിന്റെ അടിസ്ഥാനപരമായ അർത്ഥം “സന്ദേശവാഹകൻ” എന്നാണ്. തീർച്ചയായും, ദൈവത്തിൽനിന്നും നമുക്കുള്ള സന്ദേശവാഹകനായിരുന്നു യേശു. 2 കൊരിന്ത്യർ 8:23 ലും ഫിലിപ്പിയർ 2:25 ലും അപ്പൊസ്തലന്മാരെ സഭകളുടെ സന്ദേശവാഹകരായിട്ടാണ് പറഞ്ഞിരിക്കുന്നത്. ഗവൺമെന്റിനെ പ്രതിനിധീകരിച്ച് ഗവൺമെന്റിനു വേണ്ടി പ്രവർത്തിക്കുവാൻ അധികാരപ്പെടുത്തിയ “സ്ഥാനാപതി” എന്ന അർത്ഥമാണ് അതിനുള്ളത്. ആ വാക്കിൽ അന്തർലീനമായിരുന്ന ആരംഭ അർത്ഥം അതിനോടടുക്കുന്ന “മിഷ്ണറി” എന്ന വാക്കാണ്-അതായത് ഒരു ദൗത്യവുമായി അയക്കുന്നയാൾ. ക്ലാസിക്കൽ ഗ്രീക്കിൽ ആ വാക്ക് പടയിൽ യുദ്ധത്തിനായി അഡ്മിറലായി പോകുവാൻ തിരഞ്ഞെടുക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്.

പ്രാഥമികമായി പുതിയ നിയമത്തിൽ ആ വാക്ക് പന്തിരുവരെയാണ് ഉദ്ദേശിക്കുന്നത് (മത്താ. 10:2–5). സഭ സന്ദേശവാഹകരായി അയക്കുന്നവരെയും ഉദ്ദേശിച്ച് ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട്, ഉദാഹരണമായി ബർന്നബാസ് (പ്രവൃ. 14:4, 14). “ആജ്ഞ കൊടുത്തയക്കുന്നവൻ” എന്ന ചിന്തയാണ് ആ വാക്കിൽ അടങ്ങിയിരിക്കുന്നത്.

പ്രവൃത്തികൾ 2:1–4 ൽ അവർക്ക് പരിശുദ്ധാത്മശക്തി നൽകിയപ്പോഴായിരുന്നു പന്തിരുവർക്ക് മുഴുവൻ ദൗത്യവും ചെയ്യുവാൻ കഴിഞ്ഞത്. പരിശുദ്ധാത്മാവ് ശക്തിയോടെ വരുവാനായി അപ്പൊസ്തലന്മാർ കാത്തിരിക്കുവാനായി അവരോട് കൽപിച്ചിരുന്നു (ലൂക്കൊ. 24:49; പ്രവൃ. 1:8). പരിശുദ്ധാത്മശക്തി ലഭിച്ചശേഷം, അത്ഭുതശക്തിയോടുകൂടി പ്രസംഗിക്കുവാൻ അവർ യോഗ്യരായി തീർന്നു. അവരുടെ അധികാരവും ശക്തിയും അവസാനം പൂർണ്ണമായും യെരുശലേമിലും സഭയിലും ഉള്ളവർക്കിടയിൽ വ്യാപിച്ചു-തുടർന്നു നാം വായിക്കുമ്പോൾ-അനന്യാസിന്റെയും സഫീരയുടേയും മരണം നടന്നതായി കാണാം (പ്രവൃ. 5:1–11). പണം അപ്പൊസ്തലന്മാരുടെ കാൽക്കൽ കൊണ്ടു വെച്ചപ്പോഴായിരുന്നു ആ സംഭവം നടന്നത് ഈ സംഭവവും മറ്റ് അത്ഭുതങ്ങളും (പ്രവൃ. 5:12), ചില ആളുകളുടെ ഹൃദയങ്ങളിൽ ഭയം ഉളവാക്കി, അപ്പൊസ്തലന്മാരോടുള്ള ബന്ധത്തിൽനിന്നു ചിലരെ പിന്തിരിപ്പിക്കുന്ന രീതിയിൽ ഭീതിജനകമായിരുന്നു അത്. എങ്ങനെയായാലും ആ ഭയം (5:13) സഭയുടെ വളർച്ചയെ ഒരിക്കലും ബാധിച്ചില്ല (5:14). അതിനു പകരം, അപ്പൊസ്തലന്മാരുടെ അധികാരത്തെ ജനങ്ങൾ കൂടുതൽ ബഹുമാനിക്കുകയും അത്

സഭയുടെ വളർച്ചക്ക് കാരണമാകുകയും ചെയ്തു.

ഇന്ന് അപ്പൊസ്തലന്മാർ ആരും ഇല്ല, എങ്കിലും പൂർണ്ണമായ അധികാരത്തോടെ അന്ന് ദൈവശ്വാസിയമായി അവർ സംസാരിച്ച വചനം എഴുതിയ നിലയിൽ നമ്മോട് ഇപ്പോഴും സംസാരിച്ചുകൊണ്ടിരിക്കുകയാണ്. യോഹന്നാൻ 14-17 ൽ ആത്മാവ് വാഗ്ദാനം ചെയ്ത കാര്യസ്ഥൻ അപ്പൊസ്തലന്മാർക്ക് ലഭിച്ചിരുന്നു. ആ വാഗ്ദാനം (സത്യ വെളിപ്പാടുകൾ ലഭിക്കുന്നതും, യേശു ഉപദേശിച്ചതെല്ലാം ഓർമ്മിപ്പിക്കുന്നതും, ഭാവി സംഭവങ്ങളുടെ ജ്ഞാനവും); (യോഹ. 14:26; 16:13) ഇന്നും ഉണ്ടെന്ന് ചില ആളുകൾ അവകാശപ്പെടുന്നു. എങ്ങനെയായാലും, തീർച്ചയായും അത്തരം ശക്തി ഇന്ന് ക്രിസ്ത്യാനികൾക്ക് വാഗ്ദാനം ചെയ്തിട്ടില്ല. അങ്ങനെയായിരുന്നുവെങ്കിൽ, പുതിയ വെളിപ്പാടുകൾ തിരുവെഴുത്തിൽ എഴുതുമായിരുന്നു.

സഭയായി യേശുവിന്റെ പുതിയ സഭായോഗം സ്ഥാപിക്കുന്നതിനും അവന്റെ ഇഷ്ടം നടപ്പാക്കുന്നതിനും ദൈവം ഇന്ന് "സന്ദേശവാഹകൻ" ആക്കി വെച്ചിരിക്കുന്നത് യേശുവിനെയാണ്. പരിശുദ്ധാത്മനിയോഗം പ്രാപിച്ച അപ്പൊസ്തലന്മാർ മുഖാന്തരമാണ് അത് സാധ്യമാക്കിയത്. ആ വസ്തുതയുടെ വെളിച്ചത്തിലാണ് യേശു മോശെയെക്കാളും, മറ്റാരെക്കാളും വലിയവൻ എന്നു പറയുന്നത്.

ലേഖകൻ നമ്മുടെ സ്വീകാരത്തെ കുറിച്ചു പറഞ്ഞു. വിശ്വാസ പ്രസ്താവന ഉറപ്പിച്ചു പറയുന്നതിനെയാണ് "ഏറ്റു പറച്ചൽ" (*ഹോമോളോജിയ*) എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ന്യായപ്രമാണത്തോടുള്ള സഖ്യത പ്രഖ്യാപിക്കുന്നതിനെയാണ് പഴയനിയമത്തിൽ ഏറ്റുപറച്ചൽ കൊണ്ടുദ്ദേശിക്കുന്നത് (പുറ. 24:3; LXX). പുതിയ നിയമത്തിൽ, ഏറ്റു പറച്ചൽ എന്നത് തിമൊഥെയൊസ് "പല സാക്ഷികളുടെയും മുൻപാകെ കഴിച്ച നല്ല സ്വീകാരം" ആണ് (1 തിമൊ. 6:12). പിലാത്തൊസിന്റെ മുൻപാകെ യേശു പറഞ്ഞ നല്ല "സ്വീകാരത്തെ" പൗലൊസ് തിരിച്ചറിയിച്ചിരിക്കുന്നു (1 തിമൊ. 6:13). താൻ രാജാവാണെന്നും, തന്റെ രാജ്യം ആത്മികമാണെന്നും, താൻ സത്യത്തിനു സാക്ഷി നിൽക്കേണ്ടതിനാണ് വന്നതെന്നും യേശു അന്യദേവനെ നമസ്ക്കരിച്ചിരുന്ന നാടുവാഴിയോട് പറഞ്ഞു (യോഹ. 18:36, 37). തിമൊഥെയൊസ് ഏറ്റു പറഞ്ഞ "സ്വീകാരം" ഏറ്റു പറയുന്നയാൾ യേശുവിനെ കർത്താവായി തന്റെ ജീവിതത്തിൽ സമ്മതിക്കുന്നതായിട്ടായിരുന്നു ആ സാക്ഷ്യം. "ഞാൻ യേശുക്രിസ്തു ദൈവപുത്രനാണെന്ന് വിശ്വസിക്കുന്നു" എന്നു പറയുന്നത് (പ്രവൃ. 8:37) ആ വസ്തുത സ്വീകരിക്കലാണ്. അത് യേശു കർത്താവ് [ആണ്] എന്നു പറയുന്നതിനു തുല്യമാണ് (റോമ. 10:9, 10). അത്തരം പ്രയോഗം ആത്മാർത്ഥമായി നടത്തുന്നതാണ് നല്ല "സ്വീകാരം" എന്നു പറയുന്നത്; ആ സത്യം നിഷേധിക്കുന്നത് ക്രിസ്തുവിനെ നിഷേധിക്കുന്നതിനു തുല്യമാണ്. അങ്ങനെ ചെയ്താൽ അവൻ നമ്മെയും തള്ളിക്കളയും (മത്താ. 10:32, 33).

"സ്വീകാരം" എന്നതിനുള്ള അതേ വാക്ക് 1 തിമൊഥെയൊസ് 6:12, ലും കാണാം, എന്നാൽ ഇവിടെ അത് "നല്ല സ്വീകാരം" എന്നാണ് പറഞ്ഞിരിക്കുന്നത്. ക്രിസ്തു നമ്മുടെ കർത്താവാണെന്ന് നാം സമ്മതിക്കുമ്പോൾ, അവനെ നാം നമ്മുടെ **മഹാപുരോഹിതൻ** ആക്കുകയാണ്. ക്രിസ്തീയ നടപ്പ് ആരംഭിക്കുന്ന ആദ്യപടിയായി "സ്വീകാരത്തെ" കാണുന്നതിനാൽ അതിനെ പരിവർത്തനം എന്നു പറയാം. "നല്ല സ്വീകാരം" നടത്തിയതിന്റെ ഉദാഹരണങ്ങൾ നമുക്ക് 1 തിമൊഥെയൊസ് 6:12, 13 ലും മത്തായി 16:16-18 ലും കാ

ണാം. രക്ഷ ലഭിക്കുന്നതിന് അത്തരം "ഏറ്റു പറച്ചൽ" അനിവാര്യമാണെന്ന് പൗലൊസ് റോമർക്ക് എഴുതിയ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു (10:9, 10). യേശു ദൈവപുത്രനും കർത്താവും ആണ് എന്ന വസ്തുത നാം അംഗീകരിക്കണം. ഒരാൾക്ക് വിശ്വാസത്താൽ മാത്രം രക്ഷ കിട്ടുമെങ്കിൽ ഏറ്റു പറയേണ്ട ആവശ്യം ഉദിക്കുന്നില്ല.

മത്തായി 10:32 ൽ പറഞ്ഞതായ "ഏറ്റു പറച്ചൽ" ഒരാൾ സുവിശേഷം അനുസരിക്കുമ്പോൾ, ഒരിക്കൽ മാത്രമുള്ളതല്ല, ഒരു തുടർപ്രവൃത്തിയാണ്. "ഏറ്റു പറച്ചൽ" കൊണ്ട് ഓരോരുത്തരും താൻ ദൈവപൈതലാണെന്ന് കാണിച്ചു കൊടുക്കണം. ഒരേ-സമയത്ത് ചെയ്യുന്ന രണ്ടു പ്രവൃത്തികളും തുടരുന്നതായിട്ടാണ് എബ്രായർ 4:14 ഉം 10:23 ഉം പറയുന്നത് ക്രിസ്തുവിനെ കർത്താവ് എന്ന് ഏറ്റു പറയുന്നതായിട്ടാണ്. 2 കൊരിന്ത്യർ 9:13 വ്യക്തമാക്കുന്നത് "സ്വീകരിച്ച അനുസരണം" എന്നാണ്. നാം അവകാശപ്പെടുന്ന വിശ്വാസത്തിനനുസരിച്ചുള്ള ജീവിതം നാം നയിക്കണം എന്നാണ് അത് അന്തർലീനമാക്കുന്നത്. മക്കദോന്യക്കാർ അങ്ങനെ ചെയ്യുകയും (2 കൊ. 8:1-5), കൊരിന്ത്യരോട് ഉദാരമായി നൽകുവാൻ അപേക്ഷിക്കുകയും ചെയ്തു.

**വാക്യം 2. യേശു വിശ്വസ്തനായിരുന്നു** എന്നാണ് എൻഎഎസ്ബി പറയുന്നത്, എന്നാൽ ഗ്രീക്ക് വർത്തമാന കാലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, അർത്ഥം "യേശു വിശ്വസ്തൻ ആകുന്നു." "വിശ്വസ്തൻ" എന്നതിന് മറ്റൊരു വാക്ക് എബ്രായ ലേഖനത്തിൽ ആറു പ്രാവശ്യവും, പൗലൊസിന്റെ എഴുത്തുകളിൽ മുപ്പത്തി-മൂന്നു പ്രാവശ്യവും കാണാം. **മോശെയുടെ** വിശ്വാസത്തിന്റെ തെളിവായി യെഹൂദ റബ്ബിമാർ സംഖ്യാപുസ്തകം 12:7 ഉദ്ധരിച്ചിരുന്നു (LXX).[5] മിസ്രയിമിലേക്ക് മടങ്ങി പോകുവാൻ ആഗ്രഹിച്ച യിസ്രായേൽ ജനം കാളക്കുട്ടിയെ വാർത്തുണ്ടാക്കുവാൻ അഹരോൻ കൂട്ടു നിന്നപ്പോഴും മോശെ വിശ്വസ്തനായി നിലനിന്നിരുന്നു (പുറ. 32:1-20).

യേശുവിന്റെ **ഭവനം** എന്നു പറയുന്നത് ദൈവഭവനമാണ്, ക്രിസ്തു വാഴുന്ന സഭയാണ് അത് (1 തിമൊ. 3:15). മോശെയെ സംബന്ധിച്ച്, അവന്റെ "ഭവനം" എന്നു പറയുന്നത് യെഹൂദ കാലമായിരുന്നു. ദൈവനിർദ്ദേശപ്രകാരമായിരുന്നു മോശെ അത് പണിതത്.

അപ്പോൾ, പിന്നെ, ഈ വാക്യങ്ങളിലെ മുഖ്യ ചിന്ത എന്താണ്? യേശു ദൈവത്തിന്റെ അപ്പൊസ്തലനും, നമ്മുടെ സ്വീകാരത്തിന്റെ മഹാപുരോഹിതനും, തന്നെ നിയമിച്ചാക്കിയവന്നു അവൻ വിശ്വസ്തനും എന്നു പറഞ്ഞ്, യേശു മോശെയെക്കാൾ വലിയ അപ്പൊസ്തലൻ എന്നു രേഖപ്പെടുത്തി അവസാനിപ്പിക്കുകയാണ്.

**വാക്യങ്ങൾ 3, 4. മോശെയെക്കാൾ കൂടുതൽ മഹത്വം** യേശുവിനുണ്ട് (വാ. 3). ഭവനത്തിൽ ഭൃത്യനേക്കാൾ **ഭവനം** ചമെച്ച[വന്] അധികം മാനമുണ്ട്. സിസ്റ്റിൻ ചാപ്പലിൽ വരച്ച ചിത്രത്തേക്കാൾ മഹത്വം അത് വരച്ച മൈക്കൽ ആഞ്ചലോക്ക് (1475-1564) ഉണ്ട്. തന്റെ തീരുമാനങ്ങളുടെ അന്തിമ തീർപ്പിനായി ഉപയോഗിച്ച ദൂരദർശിനിയേക്കാൾ മഹത്വും അത് "ആധുനിക ജ്യോതിശാസ്ത്രത്തിന്റെ പിതാവായ" ഗലീലിയോക്കാണുള്ളത്.

മോശെ മരിച്ച് 1,500 വർഷങ്ങൾക്ക് ശേഷം ജനിച്ചതിനാൽ, മോശെ അംഗമായിരുന്ന ഭവനം ചമെപ്പാൻ ക്രിസ്തുവിനു എങ്ങനെയാണ് കഴിഞ്ഞത്? ഇത് എബ്രായ ലേഖനത്തിൽ പറയുന്ന ക്രിസ്തുവിന്റെ നിത്യസ്വഭാവത്തെ വ്യക്തമാക്കുകയാണ്. തന്റെ മനുഷ്യാവതാരത്തിനു മുൻപ് പിതാവിന്റെ പ്ര

വൃത്തിയിൽ യേശുവിനുണ്ടായിരുന്ന പങ്കിനെയാണ് ഇത് സൂചിപ്പിക്കുന്നത്. ആ വസ്തുത എബ്രായർ 1:2 ലും യോഹന്നാൻ 1:1–3 ലും വ്യക്തമാക്കിയിരിക്കുന്നു. അതിന്റെ പരിസമാപ്തിയായി എബ്രായർ 13:8 ൽ പറയുന്നു, "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ."

മോശെയെ ലേഖകൻ കുറച്ചു കാണുകയല്ല. തന്റെ പൂർവ്വപിതാവിന്റെ വിശ്വസ്തതയെ അവൻ സമ്മതിക്കുകയാണ്. എന്നാൽ "യേശു ചമെച്ചതായ ഭവനത്തിൽ" മോശെ ഒരു ഭൃത്യൻ മാത്രമായിരുന്നു. പഴയ നിയമത്തിലെ ദൈവത്തിന്റെ ഭവനത്തിലെ വിശ്വസ്ത ദാസനായിരുന്നു മോശെ (സംഖ്യ. 12:7). സ്തെഫാനൊസ് ന്യായാധിപ സഭയോടുള്ള പ്രസംഗത്തിൽ പറഞ്ഞതുപോലെ മോശെ "മരുഭൂമിയിലെ സഭയിൽ" ഉണ്ടായിരുന്നു (പ്രവൃ. 7:38).

തന്റെ ഭവനമായ സഭയുടെ നിർമ്മാതാവാകയാൽ (മത്താ. 16:18), ക്രിസ്തു സഭയിലുള്ള ഏതൊരു ഭൃത്യനേക്കാളും വലിയവൻ തന്നെയാണ്. ഒരു ചിത്രമോ അല്ലെങ്കിൽ, ശിൽപമോ നിർമ്മിക്കുന്നവനായാലും, ഒരു കെട്ടിടത്തിന്റെ രൂപകൽപന ചെയ്യുന്നവനായാലും അതുണ്ടാക്കിയവനാണ് അധികം മാനം ഉള്ളത്.

യേശു "ഭവനം" ചമെക്കുന്നവൻ എന്ന ചിന്ത സെഖര്യാവ് 6:12, 13 ൽ നിന്നും ഉള്ളതാണ്. ദാവീദിന്റെ സന്തതി തന്റെ ഭവനം ചമെക്കുമെന്ന് ദൈവം വാഗ്ദാനം ചെയ്തിരുന്നു: "അവൻ എനിക്ക് ഒരു ആലയം പണിയും; ഞാൻ അവന്റെ സിംഹാസനം എന്നേക്കും സ്ഥിരമാക്കും" (1 ദിന. 17:12). ദൈവം പഴയ നിയമത്തിലുള്ളവരേയും പുതിയനിയമത്തിലുള്ളവരേയും തന്റെ നീതി വസിക്കുന്ന ഒരേ "ഭവനത്തിലാക്കും." ആ സത്യം എബ്രായർ 12:23 ൽ ഊന്നി പറഞ്ഞിരിക്കുന്നു, അവിടെ പറയുന്നത്, ജീവിച്ച നീതിമാന്മാരുടെ "ആത്മാക്കളെ തികവുള്ളവരാക്കുന്നതിനെ" കുറിച്ചാണ്.

**വാക്യങ്ങൾ 5, 6. മോശെ വിശ്വസ്തനായിരുന്നു**, എന്നാൽ അവൻ ഒരു **ഭൃത്യൻ**[6] [മാത്രം] ആയിരുന്നു. പക്ഷെ യേശു, ഭവനത്തിന്മേൽ **പുത്രൻ** ആയിരുന്നു. അതുപോലെ ക്രിസ്തുവിന്റെ ഭവനത്തിൽനിന്നും കുറവുള്ളതായിരുന്നു മോശെയുടെ "ഭവനം." മോശെയുടെ ഭവനം പൊരുളിന്റെ (പ്രതിരൂപത്തിനെതിരായത്) നിഴലായിരുന്നു (പ്രതിരൂപം). ഇതേ ചിന്ത കൊലൊസ്യർ 2:17 ലും എബ്രായർ 10:1 ലും നൽകുന്നു.

യിസ്രായേലിന്റെ ഗവൺമെന്റിന്റെയും മതപരവുമായ നിയമാവലികൾ മോശെയുടെ ന്യായപ്രമാണം ആയിരുന്നു. ന്യായപ്രമാണം അഭക്തർക്കും പാപികൾക്കുമായിരുന്നു നൽകിയത് എന്നാണ് ഒന്നു തിമൊഥെയൊസ് 1:9 സൂചിപ്പിക്കുന്നത്; അവർക്ക് അതു പാപത്തെ ബോധ്യപ്പെടുത്തുകയും ജീവിതത്തിലും സ്വഭാവത്തിലും കൂടുതൽ ഉദാരമായ വ്യവസ്ഥ ആവശ്യമാണെന്ന് കാണിക്കുകയും ചെയ്യുന്നു (ഗലാ. 3:19; റോമ. 7:7). അത് പാപത്തെ നിയന്ത്രിക്കുന്നതിനും ക്രിസ്തു വരുന്നതുവരെ ദുർന്നടപ്പും വിഗ്രഹാരാധനയും പ്രപഞ്ചത്തിൽ തടയുന്നതിനും ഉദ്ദേശിച്ചുള്ളതായിരുന്നു (ഗലാ. 3:19).

അതിനു പുറമെ, പഴയനിയമത്തിന്റെ മുഖ്യമായ ഉദ്ദേശം ക്രിസ്തുവിന്റെ സഭയുടെ മാതൃക രൂപപ്പെടുത്തി കാണിക്കുക എന്നതായിരുന്നു (എബ്രാ. 8:4, 5 നോക്കുക). ക്രിസ്തു തന്റെ ഭവനത്തിന്മേൽ ഉള്ളവൻ മാത്രമല്ല, മറിച്ച് തന്റെ പുതിയ ആത്മിയ ഭവനത്തിന്റെ നിർമ്മാതാവ് കൂടെയാണ് അവൻ (മത്താ. 16:18; 1 പത്രൊ. 2:5, 9). അവൻ പഴയ നിയമത്തിൽ ദൈവം കൽപിച്ച കൽപനകളെല്ലാം അനുസരിച്ച്, തികവുള്ള സഭയുടെ മാതൃകയാക്കി.

**നാം ആരുടെ ഭവനം** ആണെന്ന്, ലേഖകൻ തുടരുന്നു. അവനെ അനുസരിച്ച് അവന്റെ ജനമാകുവാനുള്ള മനോഭാവം നമ്മിൽ വരുമ്പോൾ, നാം വാസ്തവത്തിലുള്ള "യിസ്രായേൽ" ആകുന്നു. നാം ക്രിസ്തുവിനോടു ചേരുവാൻ വിശ്വാസത്താൽ സ്നാനം ഏൽക്കുമ്പോൾ, നാം ക്രിസ്തുവിന്റെയും അബ്രഹാമിന്റെ "സന്തതിയുടെയും" ഭാഗം ആകുന്നു എന്നാണ് ഗലാത്യർ 3:26–29 ഉം 6:16 ഉം പറയുന്നത്.

**പ്രത്യാശയുടെ നല്ല സ്വീകാരം മുറുകെ പിടിച്ച് അവസാനത്തോളം നമ്മുടെ വിശ്വാസത്തിൽ നാം ഉറച്ചു നിന്നാൽ** നാം പുതിയനിയമ യിസ്രായേല്യർ ആകുന്നു. വായനക്കാർ വിശ്വാസത്തിൽ നിന്നു വീണു പോകാതിരിക്കുവാനുള്ള പ്രചോദനമാണ് ഇത് (3:12, 13). നാം തുടർച്ചയായി അവന്റെ വചനത്തിൽ നിലനിന്നാൽ മാത്രമാണ് അവന്റെ ശിഷ്യന്മാർ ആകുന്നത് (യോഹ. 8:31). "ധീരമായ വിശ്വാസത്തിൽ" അധിഷ്ഠിതമായതാണ് നമ്മുടെ പ്രത്യാശ (എംഎസ്ജി). അത്തരം "വിശ്വാസം" (*പാരെസിയാ*) കൊണ്ട് അർത്ഥമാക്കുന്നത് എന്തിലെങ്കിലും "മഹത്വം" കൊടുക്കുക എന്നാണ്. "പ്രശംസ" *കൗചെമിയ* എന്ന വാക്കിന്റെ അർത്ഥം, "ധീരമായ ജയാഹ്ലാദം" എന്നാണ്. കർത്താവിനെ ധൈര്യത്തോടെ ആരാധിക്കുവാനുള്ള വിശ്വാസം.[7] ഈ ലേഖനം എഴുതപ്പെട്ട ക്രിസ്ത്യാനികളിൽ ചിലരുടെ കർത്താവിലുള്ള വിശ്വാസവും പ്രത്യാശയും ചോർന്നു പോയിരുന്നു.[8]

തീർച്ചയായും, നമ്മുടെ വിശ്വാസം "മുറുകെ പിടിച്ചാൽ," അത് "അവസാനത്തോളം കാത്തുകൊണ്ടാൽ" ഈ ജീവിതത്തിനു ശേഷം നാം നിത്യജീവന്റെ യാഥാർത്ഥ്യത്തിലേക്ക് പ്രവേശിക്കുന്നു. കർത്താവിന്റെ ഭവനത്തിൽ നാം ഭാഗമാകണമെങ്കിൽ, നാം അതിൽ വാസ്തവത്തിലുള്ള ഭൃത്യന്മാരാകണം. ക്രിസ്തുവിൽ നാം സുരക്ഷിതരാണ്, പക്ഷെ നമ്മുടെ വിശ്വാസവും അനുസരണവും അതിന് ആവശ്യമാണ് (1 പത്രൊ. 1:4, 5).

വിശ്വാസം എന്നത് നമ്മുടെ ഭാഗത്തുനിന്നുള്ള ഒരു അനുസരണ പ്രവൃത്തിയാണ്, അല്ലാതെ ദൈവത്തിന്റെ നേരിട്ടുള്ള ഒരു ദാനമല്ല. എഫെസ്യർ 2:8–ൽ പറയുന്ന ദാനം എന്നു പറയുന്നത് വിശ്വാസമല്ല, മറിച്ച് രക്ഷയാണ്; അത് റോമർ 6:23 തറപ്പിച്ചു പറയുന്നതുപോലെയാണ്. കെജെവിയും, എൻകെജെവിയും, എൻഎഎസ്ബിയും ശ്രദ്ധയോടെ വായിച്ചാൽ, എഫെസ്യർ 2:8 ലെ "അത്" എന്നത് ചരിച്ചെഴുതിയിരിക്കുന്നതായി കാണാം, മൂലഗ്രന്ഥത്തിൽ അത് ഇല്ല എന്നാണ് സൂചിപ്പിക്കുന്നത്. ചില തർജിമക്കാർ വിശ്വാസം "ദാനമാണ്" എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു, പക്ഷെ ഗ്രീക്ക് അത് അനുവദിക്കുന്നില്ല. ദൈവം നൽകിയ വെളിപ്പാടിൽകൂടെ പരോക്ഷമായി ദൈവം നൽകുന്ന ദാനമാണ് വിശ്വാസം (റോമ. 10:17). അവൻ രൂപപ്പെടുത്തിയ രക്ഷ വിശ്വാസം മൂലമാണ് നമ്മിലേക്ക് വരുന്നത്. വക്രതയും കോട്ടവുമുള്ള തലമുറയിൽനിന്ന് തങ്ങളെ രക്ഷിച്ചുകൊൾവിൻ എന്നായിരുന്നു പത്രൊസ് പെന്തെകൊസ്തുനാളിൽ യെഹൂദന്മാരോട് പറഞ്ഞത് (പ്രവൃ. 2:40; കെജെവി). കൂടാതെ, "നമ്മുടെ രക്ഷക്കായി നാം പ്രവർത്തിക്കണം" എന്നാണ് പൗലൊസ് പറഞ്ഞത് (ഫിലി. 2:12). നമ്മുടെ രക്ഷക്കായി മുന്നിട്ടുറങ്ങുകയും അത് നിലനിർത്തുവാൻ സഹായിക്കുകയുമാണ് ദൈവത്തിന്റെ ഭാഗം. നമ്മുടെ വീണ്ടെടുപ്പിനായി നാം ദൈവത്തെ അനുസരിക്കുമ്പോൾ, യോഗ്യതയായി നമ്മിൽ ഒന്നുമില്ല. അപ്പോഴും, വിശ്വാസ പ്രവൃത്തികൾ ആവശ്യമാണ്. ദൈവം നമ്മോട് ചെയ്യുവാൻ പറഞ്ഞ "പ്രവൃത്തിയാണ്" വിശ്വാസവും (യോഹ. 6:29).

3:6-ൽ പറഞ്ഞിരിക്കുന്നതുപോലെ, നമുക്ക് നിയമപരമായി പ്രത്യാശയിൽ പ്രശംസിക്കുവാൻ കഴിയുമോ? "പ്രത്യാശക്കുള്ള വിശ്വാസവും പ്രശംസയും മുറുകെ പിടിക്കുന്നു എങ്കിൽ" എന്നാണ് എൻആർഎസ്‌വിയിൽ. "ആത്മവിശ്വാസം" തർജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം, "വെട്ടിത്തുറന്നു പറയൽ," "ധൈര്യത്തോടെ," "തുറന്ന സമീപനം," "വിശ്വാസം" എന്നാണ്. ദൈവരാജ്യത്തിൽ അഹങ്കാരത്തിന് സ്ഥാനമുണ്ടോ? സ്പഷ്ടമായും ഇല്ല, എന്നാൽ നമുക്ക് പ്രശംസിപ്പാൻ വകയുണ്ട് എന്നത് മറ്റൊന്നാണ്. നമ്മുടെ വിശ്വാസം നാം മുറുകെ പിടിക്കുകയാണെങ്കിൽ, ദൈവരാജ്യത്തെ കുറിച്ച് എരിവുള്ളവരായിരിക്കും. നമ്മുടേതായ നേട്ടങ്ങൾ, കർത്താവിലുള്ള നമ്മുടെ പ്രശംസയും അവൻ നമുക്കായി ചെയ്യുന്നതും അറിയുന്നില്ലെങ്കിൽ ഒന്നുമല്ല.

നമ്മുടെ പ്രത്യാശയും പ്രശംസയും യേശുവിലാണ്. സ്വയ-കേന്ദ്രീകൃതമായ നമ്മുടെ പ്രശംസ നമ്മുടെ ആത്മിയ നിലവാരം പരീശന്റെ പ്രാർത്ഥന ദൈവാലയത്തിന്റെ അഗ്രം വരെ മാത്രം എത്തിയതുപോലെ ആയി പോകും (ലൂക്കൊ. 18:10-14). അത്തരം നിഗളം "നാശത്തിന് മുൻപ്" വരുന്നതാണ് (സദൃശ. 16:18). ഈ ലേഖനത്തിന്റെ ഗുണഭോക്താക്കൾക്ക് ആത്മ വിശ്വാസവും പ്രത്യാശയും നഷ്ടപ്പെടാതിരിക്കുവാൻ ശരിയായ പ്രത്യാശയും വിശ്വാസവും അവരിൽ വളർത്തേണ്ടത് ആവശ്യമായിരുന്നു.

നമ്മുടെ പ്രത്യാശയിലുള്ള പ്രശംസ മോശെയിലും-മോശെയുടെ ന്യായപ്രമാണത്തിലും ഉണ്ടായിരുന്നതിനേക്കാൾ ശ്രേഷ്ഠമാണ്. യിസ്രായേലിന്റെ പ്രത്യാശ മോശെയിലായിരുന്നില്ല എന്നതിനാൽ, യെഹൂദന്മാർ തങ്ങളുടെ അഹങ്കാരം മറ്റൊരു വിമർശനത്തിലേക്ക് തിരിഞ്ഞു. പരീശന്മാരും റബ്ബിമാരും മെശെയിലും ന്യായപ്രമാണത്തിലുമായിരുന്നു പ്രശംസിച്ചിരുന്നത്. എബ്രായർ 7:18, 19 ൽ "ശ്രേഷ്ഠമായ പ്രത്യാശയെ" പുതിയ നിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ, "നമുക്ക് ദൈവത്തോട് സമീപിക്കുവാൻ കഴിയുന്നു."

യേശു തീർച്ചയായും, മോശെയെക്കാൾ വലിയവൻ തന്നെ. അവൻ വലിയ അപ്പൊസ്തലനും, വലിയ നിർമ്മാതാവും, പുത്രനും ആണ്, അല്ലാതെ ഭൃത്യൻ അല്ല. അവൻ മോശെയെക്കാൾ വലിയവൻ മാത്രമല്ല, അവൻ മഹാപുരോഹിതനായിരുന്ന അഹരോനെക്കാളും വലിയവൻ ആയിരുന്നു. യേശു നിത്യമായ ഒരു ഭവനം പണിയുകയും, അവൻ അതിൽ മഹാപുരോഹിതനായി ശുശ്രുഷിക്കുകയും ചെയ്യുന്നു!

## ക്രിസ്തുവിന്റെ വിശ്രമം (3:7-4:13)

### ഹൃദയ കാഠിന്യത്തെ കുറിച്ചുള്ള മുന്നറിയിപ്പ് (3:7-19)

തിരുവെഴുത്ത് തെളിവ് (3:7-11)

**7അതുകൊണ്ട് പരിശുദ്ധാത്മാവ് അരുളിച്ചെയ്യുന്നതുപോലെ,**

**8"ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ മരുഭൂമിയിൽ,**
**വെച്ച് പരീക്ഷാദിവസത്തിലെ മൽസരത്തിൽ എന്നപോലെ നിങ്ങളുടെ,**
**ഹൃദയം കഠിനമാക്കരുത്. 9അവിടെ വെച്ച് നിങ്ങളുടെ പിതാക്കന്മാർ**
**എന്നെ പരീക്ഷിച്ചു. നാൽപത് ആണ്ട് എന്റെ പ്രവൃത്തികളെ കണ്ടിട്ടും**

**എന്നെ ശോധനചെയ്തു. [10]അതുകൊണ്ട് എനിക്ക് ആ തലമുറയോട് നീരസം ഉണ്ടായി. അവർ എപ്പോഴും തെറ്റിപ്പോകുന്ന ഹൃദയമുള്ളവർ എന്നും എന്റെ,**
**വഴികളെ അറിയാത്തവർ എന്നും ഞാൻ പറഞ്ഞു; [11]'അവർ എന്റെ സ്വ, സ്ഥതയിൽ പ്രവേശിക്കയില്ല എന്ന് എന്റെ ക്രോധത്തിൽ ഞാൻ, സത്യം ചെയ്തു.' "**

3:1-6 വരെയുള്ള വേദഭാഗങ്ങളുടെ വെളിച്ചത്തിൽ, ഒരു സമാനത കാണാവുന്നതാണ്. പുതിയനിയമ കാലത്തിൽ ജീവിക്കുന്ന നാമും, പഴയനിയമ കാലത്തെ ജനം മരുഭൂമിയിൽ വാഗ്ദത്ത ദേശത്തേക്ക് നടന്നതുപോലെയാണ് നടക്കുന്നത്. മോശെയെക്കാൾ വലിയവനായ ക്രിസ്തു, നമ്മുടെ നായകനായിട്ടുള്ളതിനാൽ നാം അവനെ അനുഗമിച്ചുകൊണ്ടാണ് വാഗ്ദത്ത ദേശത്തേക്ക് നടക്കുന്നത്, പുതിയ നിയമം പഴയ നിയമത്തെക്കാൾ ശ്രേഷ്ഠവുമാണ്.[9] അതിനാൽ പഴയ നിയമത്തിലെ മുന്നറിയിപ്പ് പുതിയനിയമകാലത്തിലെ ആളുകൾക്കും ബാധകമാണ്.

"അതുകൊണ്ട്" എന്ന വാക്കിനാൽ ലേഖകൻ തന്റെ വായനക്കാർക്കുള്ള പ്രബോധനത്തെ ഭാഗിച്ചിരിക്കുകയാണ്. ആ വാക്ക് രണ്ട് പ്രാവശ്യം കാണാം (വാ. 7, 10), മൂന്നാം പ്രാവശ്യം അതിനെ അന്തർലീനമാക്കിയിരിക്കുന്നു (വാ. 11).

**വാക്യം 7.** LXX ലെ തർജിമയാണ് ഉപയോഗിച്ചതെങ്കിലും, സങ്കീർത്തനങ്ങൾ 95 ഉദ്ധരിച്ച് നേരിട്ടുള്ള ദൈവശ്വാസിയ പ്രസ്താവനയാണെന്ന് കാണിക്കുവാനാണ് **പരിശുദ്ധാത്മാവ് പറയുന്നതുപോലെ** എന്ന പ്രയോഗം നടത്തിയത്. അതിലുപരിയായി, "പറയുന്നു" എന്ന വാക്ക് വർത്തമാന കാലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, അത് സൂചിപ്പിക്കുന്നത് ദൈവം മുൻപ് ചെയ്തതുപോലെ ഇന്നും തിരുവെഴുത്തു മുഖാന്തരം സംസാരിച്ചുകൊണ്ടിരിക്കുന്നു എന്നാണ്. ദൈവശ്വാസിയ എഴുത്തുകാരിൽ കൂടെ ദൈവം ജനങ്ങളോട് സംസാരിക്കുന്നതാണ് ബൈബിൾ (2 പത്രൊ. 1:20, 21). പാപത്തിനും വിശ്വാസത്യാഗത്തിനും എതിരായി പഴയനിയമത്തിൽ മുന്നറിയിച്ചിരിക്കുന്നവ, പുതിയനിയമത്തിലുള്ളവയെ പോലെ തന്നെ നമ്മെ ബാധിക്കുന്നവയാണ്.

സങ്കീർത്തനങ്ങൾ 95:7-11 വരെയാണ് ലേഖകൻ ഉദ്ധരിച്ചത്. മരുഭൂമിയിലായിരുന്ന യിസ്രായേലിന്റെ ജീവിതത്തിലെ രണ്ടു സംഭവങ്ങളാണ് ഈ വേദഭാഗത്ത് കോർത്തിണക്കിയിരിക്കുന്നത്. അതിൽ ഒരു സംഭവം, യിസ്രായേൽമക്കൾക്ക് ജല ദൗർലഭ്യം നേരിട്ടപ്പോൾ അവർ മോശെക്ക് എതിരായി പിറുപിറുത്തതാണ് (പുറ. 17:1-7). പിന്നീട് വാഗ്ദാന ദേശം ഒറ്റുനോക്കിയവരുടെ അസുഖകരമായ വിവരം ലഭിച്ചപ്പോൾ, അവർ ഉടനെ പോയി വാഗ്ദത്ത ദേശം കൈവശമാക്കുവാൻ മടിച്ചു (സംഖ്യ. 13:25-14:4). യിസ്രായേൽ മക്കൾ മരുഭൂമിയിൽ അലഞ്ഞു തിരിഞ്ഞ സമയത്ത് അവരുടെ വിശ്വാസക്കുറവിനെ ആണ് രണ്ട് സംഭവങ്ങളും വ്യക്തമാക്കുന്നത്. ദൈവജനമാണെന്ന് അവകാശപ്പെടുന്നത് ഒരു കാര്യവും ദൈവം വാഗ്ദാനം ചെയ്തതു നൽകുമെന്ന് പൂർണ്ണമായും വിശ്വസിക്കുന്നതു മറ്റൊരു കാര്യവുമാണ്.

**വാക്യങ്ങൾ 8-10.** ദുഃഖത്തേക്കാളുപരി, ദൈവം **കോപിച്ചു**; അവന് വാസ്തവത്തിൽ "ആ തലമുറയോട് നീരസമാണുണ്ടായത്."![10] റേമണ്ട് ബ്രൗണിന്റെ അഭിപ്രായത്തിൽ ദൈവത്തിന് "ആ തലമുറയോട് ഇഷ്ടമില്ലാതായി."[11] അവൻ കോപിച്ചത് നീതിപൂർവ്വമായിരുന്നു കാരണം അവൻ അവരോട് കൃപാലുവാ

യിരുന്നിട്ടും ജനങ്ങൾ തുടർച്ചയായി അവനെ അനുസരിക്കാതിരുന്നു. ഇന്നും ഒരാൾ **നാൽപതു വർഷം** അവനോട് മൽസരിച്ചാൽ, തീർച്ചയായും ദൈവം അവനോട് കോപിക്കും. യിസ്രായേലിനു നൽകിയ നിർദ്ദേശങ്ങൾ നമുക്കും ആവശ്യമാണ്. അവർ ചെയ്തതുപോലെ നമുക്കും ദൈവത്തെ ദുഃഖിപ്പിക്കുവാൻ കഴിയും.

ഈ കാര്യത്തിൽ നാം ഉടനെ എന്തെങ്കിലും ചെയ്യണം. മറ്റൊരു ദിവസം നൽകും എന്ന് ഒരിടത്തും ദൈവം പറഞ്ഞിട്ടില്ല, അതുകൊണ്ട് നമ്മുടെ കർത്തവ്യം നാം **ഇന്നു** ചെയ്യണം. നാം ആദ്യം സുവിശേഷം അനുസരിക്കുമ്പോഴും, ഈ വസ്തുത സത്യമാണ് (മർ.16:16; പ്രവൃ. 2:38). അല്ലെങ്കിൽ തുടർച്ചയായ വിശ്വസ്തതക്കും വളർച്ചക്കും ആവശ്യമാണ് (2 പത്രൊ. 1:5-11).

പ്രാരംഭ എബ്രായ വായനക്കാർ പിൻവാങ്ങുവാൻ പരീക്ഷിക്കപ്പെട്ടിരുന്നതിനാൽ അവർക്ക് പ്രചോദനം ആവശ്യമായിരുന്നു. അവർക്ക് അത് ലഭിച്ചിരുന്നു, അവരോട് പറഞ്ഞു, "**നിങ്ങളുടെ ഹൃദയം കഠിനപ്പെടുത്തരുത്** ...'' (വാ. 8). നാമും, സുവിശേഷ നിർദ്ദേശങ്ങളെ തള്ളിക്കളഞ്ഞ് നമ്മുടെ ഹൃദയങ്ങളെ തള്ളിക്കളഞ്ഞേക്കാം. മനപ്പൂർവ്വമായി ദൈവ വചനം തള്ളിക്കളയുന്നവരാണ് ഏറ്റവും സഹതപിക്കത്തക്കതായി തീരുന്നത്. മെരിബായിൽ സംഭവിച്ചത് പറഞ്ഞാണ് ചിത്രീകരിച്ചിരിക്കുന്നത്.

ലേഖകൻ എഴുതി, "**മരുഭൂമിയിലെ പരീക്ഷാദിവസത്തിലെ മൽസരത്തിൽ എന്നപോലെ**" (വാ. 8). കെജെവിയിൽ "മരുഭൂമിയിലെ പരീക്ഷാ ദിവസത്തിൽ എന്നെ കോപിപ്പിച്ചതുപോലെ" എന്നാണ്. ഉദ്ധരിച്ച സങ്കീർത്തനം വാസ്തവത്തിൽ പറയുന്നത്, "മരീബായിലെ പോലെയും മരുഭൂമിയിലെ മസാ നാളിലെ പോലെയും നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്" എന്നാണ് (സങ്കീ. 95:8). യിസ്രായേൽമക്കൾ തങ്ങൾക്ക് ജല ദൗർലഭ്യം നേരിട്ടപ്പോൾ അവർ പിറുപിറുത്തത് മെരീബായിൽ വെച്ചായിരുന്നു (പുറ. 17:1-7). ഒരേ സ്ഥലത്തെ കാണിക്കുവാനാണ് പുറപ്പാട് 17:7 ൽ "മെരീബയും" "മസായും" ഉപയോഗിച്ചത്.

ആ പേരുകളെ തർജിമ ചെയ്ത് എബ്രായ ലേഖകൻ LXX ലെ വാക്കുകളാണ് ഉപയോഗിച്ചത്. ലേഖകൻ ചിലപ്പോൾ, അതിന്റെ സമാന്തരപ്രയോഗം നടത്തിയിരിക്കുന്നുവെങ്കിലും, തുടർച്ചയായി LXX ഉപയോഗിച്ചിരിക്കുന്നു. എബ്രായ പുസ്തകത്തിലെ സങ്കീർത്തനങ്ങൾ 95:8 അക്ഷരികമായി പറയുന്നത്, "മരൂഭൂമിയിലെ മസാ നാളിലെ പോലെയും മെരിബായിലെ പോലെയും നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്" എന്നാണ്. "മരുഭൂമിയിലെ *കോപദിവസത്തിൽ*, *പ്രകോപിതരായതു*പോലെ, നിങ്ങളുടെ ഹൃദയം കഠിനപ്പെടുത്തരുത്" എന്നാണ് LXX ൽ (എംഫസിസ് ആഡഡ്). *പാരാപിക്രാമോസിസ്* എന്ന വാക്ക് തർജിമ ചെയ്തതാണ് ''പ്രകോപനം'' അല്ലെങ്കിൽ "മൽസരം" എന്ന വാക്ക്. ഗ്രീക്കിൽ അത് "മെരിബാ" എന്നതിനു തുല്യമാണ്.[12] ആ സ്ഥലത്തിന്റ മറ്റൊരു പേരാണ് "മസാ," അർത്ഥം "കിടമൽസരം." ഗ്രീക്കിൽ തത്തുല്യമായ വാക്കാണ് "പരീക്ഷണം," (*പെയിരാസ്മോസ്*).

തങ്ങളുടെ പരാതിയാൽ യിസ്രായേൽ ദൈവത്തിന്റെ ക്ഷമയെ പരീക്ഷിച്ചു എന്നാണ് എഴുത്തുകാരൻ പറഞ്ഞത് (വാ. 9). പാറയിൽനിന്ന് ജലം പുറപ്പെടുവിച്ചു നൽകുകയും, ആകാശത്ത് നിന്നു അത്ഭുതകരമായ മന്നാ പൊഴിച്ചുകൊടുക്കുകയും ചെയ്ത്, മിസ്രയിമിൽ വെച്ച് വീര്യപ്രവൃത്തികൾ കാണിക്കയും ചെയ്തിട്ടും, പകലിൽ മേഘസ്തംഭത്താലും, രാത്രി അഗ്നിരഥത്താലും അവരെ വഴി നടത്തിയിട്ടും അവരുടെ മനോഭാവം ഇങ്ങനെയാകുവാൻ കാരണമെന്ത്?

നാമും അവന്റെ കരുണ ദർശിച്ചിട്ടും, അവനെ ദുഃഖിപ്പിക്കയും മൽസരത്താൽ കോപിപ്പിക്കുകയും ചെയ്യുന്നില്ലേ?

"നാൽപതു സംവൽസരം" (വാ. 9) ദൈവം അവർക്ക് കൊടുത്ത ശിക്ഷ യായിരുന്നു. വാഗ്ദാന ദേശത്തേക്ക് മരുഭൂമിയിൽ കൂടെയുള്ള യിസ്രായേ ലിന്റെ യാത്ര ദീർഘിപ്പിക്കുകയും അവർ അലഞ്ഞു തിരിയുകയുമായിരുന്നു. "നാൽപതു സംവൽസരം" എന്നത് മശിഹാ പ്രവചനത്തെ ആണോ സൂചിപ്പി ക്കുന്നത്? ദീർഘകാലം യിസ്രായേൽ മരുഭൂമിയിൽ അലഞ്ഞു തിരിയുവാൻ കാരണം അവരുടെ വിശ്വാസക്കുറവ് ആയിരുന്നു. യെഹൂദന്മാർ യേശുവിനെ തള്ളിക്കളഞ്ഞ് ക്രൂശിക്കുവാൻ ഏൽപിച്ചു കൊടുത്തതും യെഹൂദ ദേശത്തെ മുഴുവൻ നശിപ്പിക്കുമാറാക്കിയതും അക്കാരണത്താലായിരുന്നു.

ഏ. ഡി. 70–ൽ അനേകരുടെ മരണവും യെരുശലേമിന്റെ പതനവും സംഭ വിച്ചു. പഴയ വ്യവസ്ഥ അവസാനിക്കുന്ന ഘട്ടത്തിലായിരുന്നു എന്ന സൂചന യാണ് എബ്രായ ലേഖകൻ നൽകുന്നത് (8:13 നോക്കുക). പിന്നീട് ദൈവാലയം ഇല്ലാതാകുകയും യാഗങ്ങൾ നിന്നുപോകയും ചെയ്തു. തീർച്ചയായും ലേഖ കൻ പറയുന്നത് കർത്താവ് മത്തായി 24 ലും, മർക്കൊസ് 13 ലും, ലൂക്കൊസ് 21 ലും മുന്നറിയിച്ചതിന്റെ വെളിച്ചത്തിലാണ്. പിന്നീട് (എഴുതപ്പെടാത്ത) വരുവാ നുള്ള നാശത്തെ കുറിച്ചുള്ള പ്രവചനങ്ങൾ വിശുദ്ധന്മാർക്ക് നൽകുകയു ണ്ടായി.

**"എന്റെ വഴികളെ അറിയാത്തവർ"** (വാ. 10). ദൈവത്തിന്റെ ശക്തി അവർ ആവർത്തിച്ച് കണ്ടവരാണ്, എന്നിട്ടും അവന്റെ "വഴികളെ" അവർക്ക് മനസിലായില്ല (യെശ. 55:9 നോക്കുക). വാസ്തവത്തിൽ, ദൈവം അവർക്ക് തന്റെ സത്യം വ്യക്തമായി കാണിച്ചു കൊടുത്തിട്ടും അതിൽ ആശ്രയിപ്പാൻ അവർക്ക് കഴിഞ്ഞില്ല. എന്നാൽ അബ്രഹാം "കാണാതെയായിരുന്നു" യഹോ വയിൽ വിശ്വസിച്ചത് (എബ്രാ. 11:13). ദൈവത്തിന്റെ ശക്തി പ്രദർശിപ്പിക്കുന്നത് കണ്ടവർ തങ്ങളുടെ വിശുദ്ധിക്കും വിശുദ്ധീകരണത്തിനുമായി "കണ്ടില്ല." ദൈവിക പരിജ്ഞാനമില്ലാതിരിക്കുന്നത് യിസ്രായേലിന്റെ പാപമാണെന്നും– അത് അവരുടെ നാശത്തിനിടയാക്കുമെന്നും ഹോശെയാ പ്രവാചകൻ മുന്ന റിയിച്ചു (ഹോശെ. 4:1–6).

**വാക്യം 11.** "അതുകൊണ്ട്" എന്ന വാക്ക് അവിടെ ഉപയോഗിച്ചിട്ടില്ലെ ങ്കിലും, അത് അന്തർലീനമാണ്. "അതുകൊണ്ട്," ദൈവം ആണയിട്ടു എന്നു നമുക്ക് പറയാം. അതുകൊണ്ട്, യിസ്രായേൽ [താൻ] വാഗ്ദനാം ചെയ്ത കനാൻ [ദേശത്ത്] **പ്രവേശിക്കയില്ല** എന്ന് ദൈവം തന്റെ **ക്രോധത്തിൽ** സത്യം ചെയ്തു (സംഖ്യ. 14:22–30 നോക്കുക). ദൈവത്തിന് ന്യായമായും കോപിക്കാം, കാരണം അത് വൈകാരികമായ ക്രോധം ആയിരുന്നില്ല, പിന്നെയോ നിയമപരമായ ക്രോധമായിരുന്നു. അവരുടെ പാപത്തെ അവൻ ശിക്ഷിച്ചതു നി മിത്തം, അവന്റെ ന്യായവിധി നീതിയും ന്യായവുമുള്ളതാണെന്ന് നമുക്ക് മന സിലാക്കാം, അത് ദൈവിക നിലവാരമനുസരിച്ചുള്ള നീതിയാണ്. അവന്റെ സ്വസ്ഥതയിൽ അവർ പ്രവേശിക്കുകയില്ല എന്നു തീർത്തു പറഞ്ഞപ്പോൾ, പാപത്തിന്റെ അനന്തരഫലത്തെയാണ് ഓർമ്മിപ്പിച്ചത്.

യിസ്രായേൽ മരുഭൂമിയിൽ നാൽപതു സംവത്സരം മുഴുവൻ അലഞ്ഞു തിരിഞ്ഞപ്പോൾ, അത് അവരുടെ പാപം നിമിത്തം ദൈവകോപത്താലുള്ള അന ന്തരഫലമായിരുന്നു.[13] ഒരു വ്യക്തിയോ ദേശമോ ദൈവത്തോട് മൽസരിച്ചതിന് അവരെ ശിക്ഷിക്കുമ്പോൾ, ദൈവത്തെ അതിന് ആർക്കും കുറ്റപ്പെടുത്തുവാൻ

കഴിയുകയില്ല, കാരണം അവർക്ക് പാപം ഉപേക്ഷിക്കുവാനുള്ള അവസരം ലഭിച്ചിരുന്നു. മിസ്രയിമിലേക്ക് യിസ്രായേൽമക്കൾ തിരിച്ചു പോകുവാൻ ആഗ്രഹിച്ചത് വിഡ്ഢിത്തമായിരുന്നു കാരണം, അവർക്ക് മരുഭൂമിയിൽ സ്വതന്ത്രമായി ദൈവത്തെ ആരാധിക്കാമായിരുന്നു. നാമും അബ്രഹാമിന്റെ സന്തതികളെ പോലെ, ദൈവത്തിന്റെ നിർദ്ദേശങ്ങളോട് കഠിന ഹൃദയത്തോടെ മൽസരിച്ചാൽ, നാം അവനെ കോപിപ്പിച്ച് ന്യായവിധി അഭിമുഖീകരിക്കേണ്ടി വരും.

യിസ്രായേലിന്റെ പരാജയത്തിനുള്ള കാരണം (3:12-19)

**12സഹോദരന്മാരേ, ജീവനുള്ള ദൈവത്തെ ത്യജിച്ചു കളയാതിരിക്കേണ്ട
തിന്ന് അവിശ്വാസമുള്ള ദുഷ്ട ഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതി
രിപ്പാൻ നോക്കുവിൻ. 13നിങ്ങൾ ആരും പാപത്തിന്റെ ചതിയാൽ കഠിന
പ്പെടാതിരിക്കേണ്ടതിന്ന് "ഇന്ന്" എന്നു പറയുന്നേടത്തോളം നാൾ തോറും
അന്യോന്യം പ്രബോധിപ്പിച്ചുകൊൾവിൻ. 14ആദ്യ വിശ്വാസം അവസാന
ത്തോളം മുറുകെ പിടിച്ചുകൊണ്ടാൽ നാം ക്രിസ്തുവിൽ പങ്കാളികളായി
തീർന്നിരിക്കുന്നുവല്ലൊ.**

**15"ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ മൽസരത്തിൽ
എന്ന പോലെ നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്."**

**16എന്നു പറയുന്നതിൽ ആരാകുന്നു മൽസരിച്ചവർ? മിസ്രയിമിൽനിന്ന്
മോശെ മുഖാന്തരം പുറപ്പെട്ടുവന്നവർ എല്ലാവരും അല്ലോ?**

**17നാൽപത് ആണ്ട് ആരോട് ക്രുദ്ധിച്ചു? പാപം ചെയ്തവരോടല്ലയോ?
18അവരുടെ ശവങ്ങൾ മരുഭൂമിയിൽ വീണുപോയി. 19എന്റെ സ്വസ്ഥതയിൽ
പ്രവേശിക്കയില്ല എന്ന് ആണയിട്ടത് അനുസരണം കെട്ടവരോടല്ലാതെ പിന്നെ
ആരോടാകുന്നു? ഇങ്ങനെ അവിശ്വാസം നിമിത്തം അവർക്ക് പ്രവേശിക്കു
വാൻ കഴിഞ്ഞില്ല എന്നു നാം അറിയുന്നു.**

ലേഖകൻ തന്റെ പ്രബോധനം ക്രിസ്ത്യാനികൾക്ക് നൽകുമ്പോൾ വിശ്വാസം വിവേചിച്ച് ശക്തമാക്കുവാൻ പറഞ്ഞിരിക്കുന്നു. വിശ്വാസ പതനം അവരെ നശിപ്പിക്കുവാൻ സാധ്യത ഉള്ളതായി അവൻ സൂചിപ്പിച്ചു.

3:12-19 ലെ പ്രബോധനത്തെ നാലായി ഭാഗിക്കാം. അവൻ അപേക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും, വായനക്കാരെ പാപത്തിന്റെ വീഴ്ച ഒഴിവാക്കുന്നത് ബോധ്യമാക്കുകയും ചെയ്തു.

**വാക്യം 12**. അവൻ ആദ്യം പറഞ്ഞു, **ശ്രദ്ധിച്ചു കൊൾവിൻ** (*ബ്ലെപോ*). "ശ്രദ്ധിച്ചു കൊൾവിൻ," അല്ലെങ്കിൽ "സൂക്ഷിച്ചു കൊൾവിൻ" (എൻകെജെവി), ഈ ലേഖനം വെറുമൊരു വേദശാസ്ത്ര പ്രബന്ധമല്ല, മറിച്ച് അത്യാവശ്യമായ പ്രസംഗമാണ്. ഓരോ ഉപദേശ വിഷയവും അവതരിപ്പിച്ചിരിക്കുന്നത് ആത്മീയ പ്രബോധന സന്തുലിതാവസ്ഥയിലാണ്. ഈ സന്ദർഭത്തിലെ ആജ്ഞാരൂപം കാണിക്കുന്നത് ആ ആജ്ഞയുടെ ഗൗരവ സ്വഭാവത്തെയാണ്.

പരിശുദ്ധാത്മാവ് സങ്കീർത്തനങ്ങൾ 95:7-11 (എബ്രാ. 3:7-11 ൽ ഉദ്ധരിച്ചിരിക്കുന്നു). ഒറ്റുകാർ വാഗ്ദത്ത ദേശം പരിശോധിച്ചശേഷം മടങ്ങി-വന്നപ്പോൾ സംഭവിച്ചതാണ് അത് (സംഖ്യ. 14:28-30). ഈ സംഭവത്തിൽ നിന്ന് നമുക്ക് ശ്രദ്ധിച്ച് പകർത്തുവാൻ പല മുന്നറിയിപ്പുകൾ ഉണ്ട് ആദ്യമായി, ക്രിസ്ത്യാനികൾ വിശ്വാസ ത്യാഗം എന്ന അപകടം നേരിട്ട്-കൃപയിൽ നിന്ന് വീണു

പോകുവാൻ കഴിയും. രണ്ടാമത് അവിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കുന്നതാണ് അപകടം. വിശ്വാസത്യാഗത്തിലേക്ക് വഴുതി വീഴുന്നത് മാനസികമായി ചില വസ്തുതകൾ തള്ളിക്കളയുന്നത് കൊണ്ട് മാത്രമല്ല തീർച്ചയായും, ഒരാളിൽ വിശ്വാസം നിലനിന്നാലും വിശ്വാസം ശക്തമായി ഇല്ലെങ്കിൽ വിശ്വാസ ത്യാഗം സംഭവിക്കാം.

എബ്രായ പുസ്തകത്തിലെ ''വിശ്വാസം'' ദൈവ വാഗ്ദാനങ്ങൾ നിറവേറുമെന്ന പ്രതീക്ഷ അന്തർലീനമായിരിക്കുന്നു (11:13). ഈ വിശ്വാസം സമ്മർദ്ദത്താൽ "മങ്ങിപ്പോകുന്നതല്ല" (10:38 നോക്കുക). അതിൽ ഹൃദയ ത്തിലെ വികാരങ്ങളും സത്യം സ്വീകരിപ്പാനുള്ള ബുദ്ധിയും ഉൾപ്പെടുന്നു (11:1). വിശ്വസിക്കുവാൻ മനപൂർവ്വമായി മടിക്കുന്നതിനെയാണ് വാക്യം 12 ലെ അവിശ്വാസം എന്നു പറയുന്നത്.[14]

അവിശ്വാസം ഹൃദയകാഠിന്യത്തിലേക്ക് നയിക്കുന്നു. പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്ന **ഹൃദയം** എന്ന വാക്കിൽ ബുദ്ധി അല്ലെങ്കിൽ മനസ്സ്, ചിന്ത കളും, ഇഷ്ടവും, വൈകാരിക തോന്നലുകളും ഉൾപ്പെടുന്നു (മത്താ. 22:34-40). ഹൃദയത്തെ കാത്തുകൊൾവാൻ ലേഖകൻ അപേക്ഷിച്ചു തുടങ്ങിയത് 3:1 ൽ "യേശുവിനെ നോക്കുക," അല്ലെങ്കിൽ അവനെക്കുറിച്ച് ഗൗരവമായി ചിന്തി ക്കുക എന്ന് പറഞ്ഞു കൊണ്ടാണ്.

**ദുഷ്ട** ഹൃദയത്തിൽ നിന്നാണ് അവിശ്വാസം വരുന്നത്. അവിശ്വാസി വെറും മോശമല്ല; അവൻ "ദുഷ്ടൻ" (*പോണെരൂസ്*) ആണ്. ഒരാൾ ദുഷ്ട പ്രവൃത്തി ചെയ്യുവാൻ ആഗ്രഹിക്കുന്നത് നിമിത്തം, അയാളുടെ ഹൃദയത്തിൽ പാപം ഉണ്ടായിരിക്കും, അവിശ്വാസം വർദ്ധിക്കുകയും ചെയ്യും. അത് അവൻ മോശമായി ജനിച്ചത് കൊണ്ടല്ല പാപത്തോടുകൂടി അവൻ ജനിക്കുന്നതുമല്ല. കാൽവിനിസം പറയുന്നത്, "മനുഷ്യൻ പാപിയായി ജനിക്കുന്നതുകൊണ്ടാണ് പാപം ചെയ്യുന്നത്." വാക്യം 12 പറയുന്നത് തിന്മ ഒരാൾ തിരഞ്ഞെടുക്കുന്ന താണ് കാരണം അയാളുടെ അവിശ്വാസവും വർദ്ധിച്ച ദുഷ്ടതയും നിമിത്തം അയാൾ അവിശ്വാസം-ഇല്ലാത്ത അവസ്ഥയിലേക്ക് മാറുന്നു.

ഇത് നമുക്ക് സംഭവിക്കാതിരിപ്പാൻ "ശ്രദ്ധിക്കുവാൻ" നമ്മെ മുന്നറിയിച്ചി രിക്കുന്നു. നാം അവിശ്വാസികളായിട്ടല്ല ജനിച്ചത്. ശ്രദ്ധിച്ചില്ലെങ്കിൽ, ക്രിസ്ത്യാ നിപോലും **ജീവനുള്ള ദൈവത്തിൽ നിന്ന് അകന്ന് വീണുപോയേക്കാം**. അതേ ഗ്രീക്ക് വാക്ക് റോമർ 11:20, 23-ൽ തർജിമ ചെയ്തിരിക്കുന്നത് "അകന്നു പോകുക'' എന്നാണ്, അവിടെ പൗലൊസ് പറഞ്ഞത് യിസ്രായേലിന്റെ വിശ്വാസ ത്യാഗത്തേയും വിശ്വാസം കൂട്ടാക്കാതിരുന്നതിനെയുമാണ്.

**വാക്യം 13**. വീണുപോകുന്ന വിപത്ത് ഒഴിവാക്കുവാൻ, ക്രിസ്ത്യാനികൾ ദിനന്തോറും **അന്യോന്യം പ്രബോധിപ്പിക്കണം**. എബ്രായർ 10:25 ന്റെ വ്യാ ഖ്യാത കൃതിയായി ഈ വാക്യത്തെ കണക്കാക്കാം. അകന്ന് പോകുവാൻ ശ്രമിക്കുന്നവരെ പ്രോത്സാഹിപ്പിക്കേണ്ടത് അവിടെ ചർച്ച ചെയ്തിരിക്കുന്നു, എന്നാൽ അത് നമുക്ക് എല്ലാവർക്കും സഹായകരമാണ്. അവസരം കിട്ടുന്ന തിനനുസരിച്ച് നാം എല്ലാവരെയും പ്രചോദിപ്പിക്കണം, കാരണം വിശ്വസ്ത മായി നിലനില്പ്പാൻ മറ്റുള്ളവരെ അത് സഹായിക്കുന്നു. നാം കാണുവാൻ ഇരിക്കുന്നത് പോലെ 10:25 ന്റെ അർത്ഥം "കൂടിവരുന്നത് അധികമധികമായി പ്രബോധിപ്പിക്കേണ്ടതിനാണ്" അല്ലാതെ "കൂടിവരുവാൻ അധികമധികമായി പ്രബോധിപ്പിക്കുവാൻ അല്ല."

അപകടം അധികമാകുമ്പോൾ, അധികം പ്രചോദനവും ആവശ്യമാണ്.

‘‘**ഇന്ന്” എന്ന് പറഞ്ഞിരിക്കുന്നതിന്റെ** അർത്ഥം അത്യാവശ്യത്തെ ബോധ്യപ്പെടുത്തുന്നതാണ്. ഇന്ന് നിങ്ങൾ ചെയ്യുന്നതിന്റെ വെളിച്ചത്തിൽ ആയിരിക്കും നിങ്ങളുടെ ആത്മാവിന്റെ വിധി. യഹൂദ ക്രിസ്ത്യാനികളെ വിശ്വാസത്തിനു പുറത്തുള്ള യഹൂദന്മാർ ക്രിസ്തുവിനെ വിട്ട് യഹൂദമതത്തിലേക്ക് തിരിയുവാൻ വശീകരിച്ചിരുന്നു.

അതുകൊണ്ട് പൗലൊസ് ഗലാത്യർ 6:1, 2 ൽ, “തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ; ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിപ്പിൻ” എന്ന് നമ്മോടു പറഞ്ഞിരിക്കുന്നത്. തെറ്റിപ്പോയ സഹോദരനെ യഥാസ്ഥാനപ്പെടുത്തുന്നത് വാസ്തവത്തിൽ “മരണത്തിൽ നിന്ന് അയാളുടെ പ്രാണനെ രക്ഷിക്കുന്നതാണ്” എന്ന് യാക്കോബ് പറഞ്ഞിരിക്കുന്നത് (യാക്കോ. 5:19, 20), അത് തീർച്ചയായും ഭൗതികമായ ജീവന്റെ രക്ഷയല്ല. മറിച്ച് നിത്യമായ മരണത്തെക്കുറിച്ചാണ് ലേഖകൻ പറയുന്നത്. ഈ കാര്യത്തിൽ നാം പരാജയപ്പെട്ടാൽ, ക്രിസ്തുവിലുള്ള സഹോദരന്റെ **ഹൃദയം കഠിനപ്പെട്ട് പാപത്തിന്റെ ചതിയിൽ കുടുങ്ങിയേക്കാം.**

പാപം വഞ്ചനാത്മകമാണ് കാരണം അത് സുഖമാണ് വാഗ്ദാനം ചെയ്യുന്നത്, പാപം അതിന് കഴിയാത്ത കൂടുതൽ വാഗ്ദാനങ്ങളാണ് നൽകുന്നത്. അത് മുഴുവനും മദ്യപാനി, മയക്കുമരുന്നിന് അടിമപ്പെട്ടയാൾ, അല്ലെങ്കിൽ സാധാരണ സുഖം-അന്വേഷിക്കുന്നയാൾ എന്നിവരാണ്, തങ്ങൾ ഏർപ്പെട്ടിരിക്കുന്ന പ്രവൃത്തികളുടെ അനന്തരഫലങ്ങളെ ശ്രദ്ധിക്കുന്നില്ല. ക്രിസ്തുവിനു പുറത്ത് നിലനിൽക്കുന്ന സുഖം ഇല്ല. പാപത്തിന്റെ ശമ്പളം മരണം മാത്രമല്ല, ഒരാൾ അയാളുടെ പരിശീലനങ്ങൾക്ക് അടിമപ്പെടുന്നതുമാണ്.

വാക്യം 12 ൽ പറയുന്ന അപകടം “ജീവനുള്ള ദൈവത്തിൽ നിന്നും” അകലുന്നതാണ്. ക്രിസ്തുവിന്റെ തത്വങ്ങളും അവന്റെ അപ്പോസ്തലന്മാരുടെ ഉപദേശങ്ങളും വിട്ട് കളയുമ്പോൾ, അവനിൽ നിന്ന് മാത്രമല്ല ദൈവത്തിൽ നിന്നും അകലുന്നു. അതുകൊണ്ട്, ക്രിസ്തുവിലുള്ള ഒരാളുടെ ജീവിതം ദൈവഭക്തിക്ക് ആവശ്യപ്പെടുന്നത് വിശ്വസിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. “സുഖലോലുപത,” ക്കായി പ്രവൃത്തിക്കുന്നവരുടെ ഹൃദയങ്ങൾ “കഠോരമാകുന്നു.” “പൗലോസ് പറഞ്ഞു ക്രിസ്തുവിൽ നിന്ന് നിങ്ങൾ ഇങ്ങനെയല്ല പഠിച്ചത്” (എഫെ. 4:19, 20). ഒരാൾ “ക്രിസ്തുവിൽ നിന്ന് പഠിക്കുമ്പോൾ,” അയാൾ എങ്ങനെ ജീവിക്കണമെന്ന് പഠിച്ച്, സുഖലോലുപതയിലേക്ക് തന്നെ തള്ളിവിടാതെ ഇരിക്കും, അതാണ് എഫെസ്യർ 4 ലെ സന്ദർഭം. ക്രിസ്തുവിൽ നാം എന്തു പഠിച്ചുവെന്ന് നിർണ്ണയിക്കുന്നതാണ് നമ്മുടെ ജീവിതം.

ചിലർ പറഞ്ഞു, ‘‘നിങ്ങൾ ചെയ്യുന്നതെല്ലാം ക്രിസ്തുവിനോടുള്ള നിങ്ങളുടെ ബന്ധമാണ് പ്രധാനപ്പെട്ടത്”; “ യേശുവിനോട് വ്യക്തിപരമായ ഒരു ബന്ധം നിങ്ങൾക്കുണ്ടെങ്കിൽ ആ പ്രവൃത്തികൾ കാര്യമുള്ളതല്ല”; അല്ലെങ്കിൽ “നിങ്ങൾ ചെയ്യുന്നതെല്ലാം, നിങ്ങൾ ആരാകുന്നു എന്നതാണ് കണക്കാക്കുന്നത്.” നിങ്ങളുടെ ഹൃദയത്തിലുള്ളത് ശക്തമായി സൂചിപ്പിക്കുന്നതാണ് നിങ്ങൾ ചെയ്യുന്ന പ്രവൃത്തികൾ, നിങ്ങളുടെ സംസാരം ആന്തരിക വ്യക്തിയെ കാണിക്കുന്നു. നമ്മോടു “ശ്രദ്ധയില്ലാതെ പറയുന്ന” ഓരോ വാക്കിനും “കണക്കുകൊടുപ്പാൻ” പറഞ്ഞിരിക്കുന്നതിന്റെ കാരണം അത് വ്യക്തമാക്കുന്നു (മത്താ. 12:36, 37). എന്ത് ചെയ്യുന്നുവോ അതാണ് നാം എന്ന് വേദഭാഗം വ്യക്തമാക്കുന്നു; ക്രിസ്തുവിനെതിരായി നാം പരിശീലിച്ചാൽ, നാം അവനെ വിട്ടുകളയുകയും ജീവനുള്ള ദൈവത്തിൽ നിന്ന് അകന്നു പോകയും ചെയ്യും. ഒരാൾ ചെയ്യു

ന്നതിൽ നിന്ന്, അയാൾ ആരാണ് എന്നത് മാറ്റി നിർത്താവുന്നതല്ല. അത്തരം ഊഹാപോഹമായ ചിന്ത ബുദ്ധിയുള്ളതായി തോന്നാം എന്നാൽ അതിന് ബൈബിൾ സംബന്ധമായ പിന്തുണയില്ല. "ക്രിസ്തുവിനെ അറിഞ്ഞതിൽ നിന്നും" നമ്മെ വേർപെടുത്താവുന്നതല്ല (2 കൊ. 5:16) അവന്റെ ഉപദേശങ്ങൾ അറിഞ്ഞു കൊണ്ടാണ് എങ്ങനെ ജീവിക്കണമെന്ന് തീരുമാനിക്കുന്നത്.

ഇതുവരെ എബ്രായ പുസ്തകത്തിൽ നിന്നും രണ്ട് മുന്നറിയിപ്പുകൾ നാം കണ്ടു കഴിഞ്ഞു. ആദ്യം, നാം പിന്മാറിപ്പോയ അപകടം നിരീക്ഷിച്ചു അത് താല്പര്യക്കുറവിനെ പറയുന്നു (2:1–4). രണ്ടാമത്തെ അപകടം വിശ്വാസക്കുറവും അനുസരണക്കേടിന്റെ അനന്തരഫലവുമാണ് (3:12, 13).[15] എബ്രായരായ പൂർവ്വ പിതാക്കന്മാർ വരുവാനിരുന്ന എതിർപ്പിനെ പൊങ്ങച്ചത്തോടു കൂടെ കാണുകയും, തങ്ങൾക്ക് ലഭ്യമായ ശക്തി തിരിച്ചറിയാതിരിക്കുകയും ചെയ്തു. അങ്ങനെ ചെയ്തതിനാൽ വാഗ്ദാനം ചെയ്ത പ്രതിഫലം അവർക്കു ലഭിക്കാതെയും പോയി. അവരുടെ വിശ്വാസക്കുറവ് അനുസരണക്കേടിലേക്കും നാശത്തിലേക്കും ഭവിച്ചു.

**വാകൃങ്ങൾ 14, 15. ക്രിസ്തുവിന്റെ പങ്കാളികളായി** (വാ. 14), നമുക്ക് വാസ്തവത്തിൽ ക്രിസ്തുവിൽ "പങ്ക് ലഭിക്കുന്നു" (എൻഐവി; ആർഎസ്വി; ഇഎസ്വി), നമ്മുടെ വിശ്വാസത്താൽ അവന്റെ "ഓഹരിക്കാർ" ആകുന്നു. (എൻആർഎസ്വി; ഐഎസ്വി). വിശുദ്ധന്മാരായി, ആത്മീയമായി നാം രക്ഷകനോട് ചേർന്ന് സ്നാനത്തിൽ അവനോട് ഏകീഭവിക്കുന്നു (റോമർ. 6:3). നാം ക്രിസ്തുവിനോട് കൂടെ അവന്റെ രാജ്യത്തിലെ വലിയ അനുഗ്രഹങ്ങൾക്ക് പാത്രമാകുന്നു, അത് ഒരു ശക്തിയ്ക്കും ഇളക്കുവാൻ സാധ്യമല്ല (എബ്രാ.12:28). ഈ ലക്ഷ്യം നാം കൈവരിച്ചാൽ 1 കൊരിന്ത്യർ 1:10 ൽ പറഞ്ഞ കല്പന അനുസരിച്ച് ഒന്നു തന്നെ സംസാരിക്കുന്നവരാകുന്നു.

യേശു അപ്പൊസ്തലന്മാർക്കും നമുക്കും വേണ്ടി പ്രാർത്ഥിച്ചപ്പോൾ ''നമ്മിൽ,'' എന്നു പറഞ്ഞത് ദൈവത്തിലും ക്രിസ്തുവിലും ആണ് (യോഹ. 17:20, 21). മതപരമായ ലോകത്തിൽ തിരുവെഴുത്തിൽ സൂചിപ്പിക്കുന്ന സഭയുടെ സമീപനം ശരിയല്ല എന്നാണ് പലരും കരുതുന്നത്. അവരുടെ കാഴ്ചപ്പാട് അനുസരിച്ച് ഉദ്ദേശവ്യത്യാസങ്ങൾ അവഗണിച്ച്, "ബാലിശമായ" കാര്യങ്ങൾ ഉപേക്ഷിച്ച് യോജിക്കുന്നതാണ് നല്ലത്. അത്തരത്തിലുള്ള ഐക്യതയ്ക്കാണോ യേശു പ്രാർത്ഥിച്ചത്? ബൈബിളിനോട് കൂട്ട് ചേർക്കുന്നതു കൊണ്ടാണ് സാധാരണ ഭിന്നതകൾ ഉടലെടുക്കുന്നത്. ബൈബിളിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് നമുക്ക് യോജിക്കുവാൻ കഴിയുന്നതും ക്രിസ്തുവിൽ പങ്കാളികളാകാൻ സാധിക്കുന്നതും.

ഇന്നും നാം പരീക്ഷണാവസ്ഥയിലാണ്. അവസാനം നാം "ക്രിസ്തുവിന്റെ പങ്കാളികളാകുവാൻ," നാം **സ്ഥിരതയുള്ളവർ** ആകണം. സുവിശേഷം അതിൽ വിശ്വസിക്കുന്നവരേയും, അത് പിടിച്ചു കൊള്ളുന്നവരേയും വൃഥാവാക്കുകളില്ലായെന്ന് പൗലൊസ് ഉറപ്പിച്ചു പറയുന്നു (1 കൊ 15:1, 2). "വൃഥാവായി" വിശ്വസിക്കുകയെന്നാൽ ഒരാൾ തന്റെ വിശ്വാസം ഉപേക്ഷിക്കുകയോ അവസാനത്തോളം അത് പിടിച്ച് കൊള്ളാതിരിക്കുകയോ ചെയ്യുന്നതാണ്. ഉപേക്ഷയാലും അനുസരണക്കേടിനാലും ക്രിസ്തുവിനോടുള്ള ചേരൽ നഷ്ടപ്പെട്ടു പോയേക്കാം (2:1; 3:12, 13 നോക്കുക). നാം "പിടിച്ചുകൊണ്ടില്ലെങ്കിൽ" നമ്മുടെ കിരീടം നഷ്ടമാകും (വെളി. 3:11), മറ്റൊരാൾക്ക് നമ്മുടെ കിരീടം എടുത്തുകളയുവാൻ കഴിയും എന്ന് അന്തർലീനമാക്കിയിരിക്കുന്നു.

നാം എന്താണ് “പിടിച്ചുകൊള്ളേണ്ടത്”? അത് മതപരമായ വെറും ഏറ്റു പറച്ചിൽ അല്ല-ഒരാൾ ഇത് കാണിച്ച് വാസ്തവത്തിലുള്ള ഭക്തി ജീവിതത്തിൽ പാലിക്കാതിരിക്കാം. അത് ഒരു പാർട്ടിയോടോ അല്ലെങ്കിൽ ഒരു വിഭാഗത്തോടോ ഉള്ള എരിവല്ല. അത്തരം എരിവാണ് പരീശനുണ്ടായിരുന്നത്, അത് അവന്റെ സ്ഥാനത്തെ കുറിച്ചുള്ളതായിരുന്നു, അല്ലാതെ ക്രിസ്തുവിനെ കുറിച്ചോ അവന്റെ സഭയെ കുറിച്ചോ ഉള്ളതല്ല. അത് ആത്മാർത്ഥത മാത്രമുള്ളതല്ല, കാരണം ഒരാൾക്ക് തന്റെ വ്യാപാരത്തിൽ ആത്മാർത്ഥതയുള്ളവനായിരിക്കുകയും കർത്താവിനെ അനുസരിക്കാതിരിക്കയും ചെയ്തേക്കാം. ചിലർ ദൈവേഷ്ടം അനുസരിക്കാതെ തെറ്റായ വിശ്വാസത്തിൽ ആത്മാർത്ഥത സൂക്ഷിച്ചതുനിമിത്തം കർത്താവിനോട് ന്യായവിധി നാളിൽ വാദിക്കുവാൻ തുനിഞ്ഞേക്കാം. “ഞാൻ ഒരുനാളും നിങ്ങളെ അറിയുന്നില്ല” എന്ന് അവൻ അവരോട് പറയും (മത്താ. 7:21–23).

ദൈവവുമായുള്ള കൂട്ടായ്മയിലും ശ്രദ്ധാപൂർവ്വമായ ബൈബിൾ പഠനത്തിലും ദൈവത്തോടും ക്രിസ്തുവിനോടുമുള്ള ബന്ധത്തിൽ നമ്മുടെ ഹൃദയങ്ങളെ സൂക്ഷിക്കണം. നമ്മുടെ കോപത്തെ നിയന്ത്രിച്ച് ആരാധന മുടക്കാതിരിക്കുകയും വേണം. ആന്തരിക മനുഷ്യന്റെ കടമകളും പരസ്യമായ കടമകളും നിർവ്വഹിക്കണം. ലോകഭ്രമം, ദുർന്നടപ്പ്, അസത്യം എന്നിവ ഉപേക്ഷിക്കുവാനാണ് നമ്മെ പഠിപ്പിച്ചിരിക്കുന്നത്. ഉയരമുള്ള-കുറിയ മനുഷ്യൻ എന്ന ഒന്നില്ലാത്തതുപോലെ, “ലോകപ്രകാരമുള്ള ക്രിസ്ത്യാനി” എന്ന ഒന്നില്ല. അരിമത്ഥ്യക്കാരനായിരുന്ന യോസേഫിനെ പോലെ, ഒരാൾക്ക് യേശുക്രിസ്തുവിന്റെ “രഹസ്യ ശിഷ്യനായിരിക്കാം” (യോഹ. 19:38), എന്നാൽ ആ രഹസ്യം അധികം അങ്ങനെ സൂക്ഷിക്കുവാൻ കഴിയുകയില്ല.

“ഇന്ന്” എന്നു പറയുന്നതുപോലെ നമ്മുടെ സ്ഥിരോൽസാഹം ദീർഘമായി സൂക്ഷിക്കണം (വാ. 13), അതിനർത്ഥം, ജീവിതാവസാനം വരെ (**അവസാനം** വരെ; വാ. 14). അത്രത്തോളം ദൈവത്തിന്റെ കരുണാ വാതിൽ തുറന്നു വെച്ചിരിക്കുന്നു. നമ്മുടെ ഹൃദയം കഠിനപ്പെടാതിരിക്കുവാൻ തുടർച്ചയായി പരിശ്രമിക്കണം. മരുഭൂമിയിൽ വെച്ച് യിസ്രായേലിന് സംഭവിച്ചത് നമുക്ക് സംഭവിക്കാതിരിപ്പാൻ നാം സൂക്ഷിക്കണം (വാ. 16 നോക്കുക).

**വാക്യങ്ങൾ 16, 17.** അവസാനത്തോളം വിശ്വസ്തമായിരിക്കാതെ ആർക്കും ദൈവ കോപത്തിൽനിന്ന് രക്ഷ പ്രാപിക്കുവാൻ കഴിയുകയില്ല എന്നാണ് ലേഖകൻ എബ്രായ ക്രിസ്ത്യാനികളോട് പറഞ്ഞത്. അത് തെളിയിക്കുവാൻ അവൻ **മരുഭൂമിയിൽ അനേകം പേർ വീണുപോയ** ഉദാഹരണം എടുത്തു കാണിച്ചിരിക്കുന്നു.

ദൈവം അവർക്ക് വേണ്ടതെല്ലാം നൽകിയിട്ടും, യിസ്രായേൽമക്കൾ ദൈവത്തെ കോപിപ്പിച്ചതായിരുന്നു അപകടം! അതുകൊണ്ട് അനേകം പേർ മരിച്ചു പോയി-ഒരു അവലോകനം അനുസരിച്ച് ഒരു ദിവസം തൊണ്ണൂറ് പേർ.[16]

**ആരോടായിരുന്നു അവൻ ക്രുദ്ധിച്ചത് ...?** എല്ലായ്പ്പോഴുമെന്ന പോലെ, പാപം ചെയ്യുന്നവരെ ഓർത്ത് ദൈവം ദുഃഖിച്ചു. നിരപരാധിയായ ബാലൻ മരുഭൂമിയിൽ വെച്ച് മരിച്ചതിലായിരുന്നില്ല: വാഗ്ദാന ദേശത്ത് പ്രവേശിക്കുമെന്ന വാഗ്ദാനം അവർക്കുണ്ടായിരുന്നു. എന്നാൽ, അതിനു പകരമായി മൽസരത്താലും ദുർന്നടപ്പിനാലുമുള്ള **പാപത്താൽ** ആയിരുന്നു ദൈവം അവരോട് കോപിച്ചത് (1 കൊ. 10:6–13). സ്നേഹത്തോടുകൂടിയ ദൈവത്തിന്റെ നടത്തിപ്പ് അവർ അനുഭവിച്ചതാണ്, പക്ഷെ അവർ അതിൽനിന്ന് പഠിച്ചില്ല.

അവരുടെ അനുസരണക്കേട് നിമിത്തം മരുഭൂമിയിൽ വെച്ച് പലരും വീണു പോയി (സംഖ്യ. 14:22-29).

സ്വർഗീയ പിതാവിനെ കൂടുതൽ ദുഃഖിപ്പിക്കുകയോ കോപിപ്പിക്കുകയോ ചെയ്താൽ അനന്തരഫലം ആപത്തായിരിക്കും. നാം പാപം ചെയ്താൽ അത് പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നതാണ് (എഫെ. 4:30 നോക്കുക). വിശ്വാസ മില്ലാതിരുന്ന യിസ്രായേൽ ജനം ഉടനെ മരിച്ചുപോയി, 12 ൽ പത്ത് ഒറ്റുകാരും അതിൽ ഉൾപ്പെട്ടിരുന്നു (സംഖ്യ. 14:36-38), മരുഭൂമിയിലെ **നാൽപ്പത് വർഷക്കാലത്തെ** അവരുടെ ജീവിതത്തിനിടയിൽ പലരെയും സ്വാഭാവികമായി മരിക്കാൻ ദൈവം അവരെ അനുഗ്രഹിച്ചു. മോശയുടെ പ്രാർത്ഥന അവരെ വേഗത്തിൽ നശിപ്പിക്കരുതേ എന്നായിരുന്നു (സംഖ്യ. 14:13-19). യിസ്രായേലിന്റെ അബദ്ധ ത്തിൽ നിന്ന് നാം പാഠം പഠിക്കണം.

**വാകൃങ്ങൾ 18, 19**. വാക്യം 18-ൽ ഒരിക്കൽ കൂടെ സങ്കീർത്തനം 95:11 ഉദ്ധരിച്ചിരിക്കുന്നു, അത് 3:11 ലും ഉദ്ധരിച്ചു. ആവർത്തന പുസ്തകം 1:34, 35 ദൈവം യിസ്രയേൽ മക്കളോട് കനാൻ നാട്ടിൽ **പ്രവേശിക്കുകയില്ല** എന്ന് സത്യം ചെയ്തിരുന്നു. അതേ പാപം യിസ്രായേലിനെ കനാനിൽ നിന്ന് പുറത്താക്കി-ആശ്രയിക്കുന്ന വിശ്വാസക്കുറവ്-സ്വർഗ്ഗത്തിൽ നിന്ന് പലരെയും പുറത്താക്കും. മിസ്രയിമിൽ നിന്നു വിട്ടു വന്ന യിസ്രായേൽ ജനം വലിയ അത്ഭുതങ്ങൾ കണ്ടതിനുശേഷമാണ് പുറപ്പെടുന്നത്, എന്നിട്ടും യോർദ്ദാൻ നദി കടക്കുന്നതിനു മുൻപ് മരുഭൂമിയിൽ വച്ച് ശിക്ഷിക്കപ്പെടാതിരിപ്പാൻ അവർക്ക് കഴിഞ്ഞില്ല. അതുപോലെ, കർത്താവിന്റെ കൽപനകൾ അനുസരിക്കുന്നതു വരെ വലിയ "അനുഭവങ്ങൾ" ഉണ്ടായിരുന്നാലും, സ്വർഗ്ഗം കൈവശമാക്കുവാൻ കഴിയുന്നതല്ല.

എബ്രായ ലേഖനത്തിൽ പറഞ്ഞ പ്രശ്നം ആളുകൾക്ക് ദൈവത്തിലും അവന്റെ നന്മയിലും ഉള്ള വിശ്വാസക്കുറവായിരുന്നു. ജീവിതത്തിൽ നേരിടുന്ന മിക്ക പ്രശ്നങ്ങൾക്കും ആശ്രയക്കുറവാണ് കാരണം. "ഒരാൾക്ക് ദൈവത്തിൽ വിശ്വാസമില്ലാതിരിക്കുമ്പോൾ അവൻ തീരമില്ലാത്ത കടലിലും, സുരക്ഷിത മായി കരയിൽ എത്തുവാനോ നങ്കൂരമിടുവാനോ *കഴിയാതെ* വരും."[17] നമുക്കുചുറ്റുമുള്ളവർ കലക്കത്തിൽ ആയേക്കാം എന്നാൽ നമുക്ക് വിശ്വാസ ത്താൽ ശാന്തമായി നില്ക്കുവാൻ കഴിയും.

ദൈവനന്മയിലുള്ള യിസ്രായേലിന്റെ വിശ്വാസക്കുറവ്, ദൈവത്തിന്റെ വിശ്രമത്തിൽ പ്രവേശിക്കാതിരിക്കുവാൻ കാരണമായി (വാ. 18). അവർക്ക്, കനാൻ ദേശം കാണുവാൻ കഴിഞ്ഞില്ല. നാം അപ്രകാരമായാൽ, അവസാന വിശ്രമമായ സ്വർഗ്ഗത്തിൽ പ്രവേശിപ്പാൻ നമുക്ക് കഴിയുകയില്ല. ദൈവവചന ത്തിന്റെ സത്യാവസ്ഥയെ നാം ഒരിക്കലും സംശയിക്കരുത്. നാം കാണുന്നു എന്ന പ്രയോഗം (വാ. 19), ലേഖകൻ തന്റെ വിവേചനത്തിൽ സ്വയ-തെളിവ് നൽകുകയാണെന്ന് തോന്നുന്നു.[18]

വാക്യം 18 ലെ **അനുസരണക്കേട്,** വാക്യം 19 ലെ **അവിശ്വാസം നിമിത്തം** എന്നതിന് തുല്യമാണ്. പുതിയ നിയമത്തിൽ പലപ്പോഴും അനുസര ണവും വിശ്വാസവും, അനുസരണക്കേടും അവിശ്വസ്തതയും തരം തിരിച്ചു കാണിച്ചിരിക്കുന്നു. യോഹന്നാൻ 3:36 ൽ "വിശ്വാസവും," അതിനെതിരായി "അനുസരിക്കാതിരിക്കുന്നതും" വ്യക്തമാക്കുന്നു.[19] "അവന്റെ വിശ്രമത്തിൽ" പ്രവേശിക്കുവാൻ പൂർണ്ണ വിശ്വാസത്തോടുകൂടിയ അനുസരണത്തിനായി നമുക്ക് ശ്രമിക്കാം.

## പ്രായോഗികത

### "സ്വർഗ്ഗീയവിളി" (3:1)

നമ്മെ വിളിച്ചിരിക്കുന്നത് സുവിശേഷത്താലാണ്, അതിനാൽ നമുക്ക് "കർത്താവായ യേശുക്രിസ്തുവിന്റെ തേജസ്സ്" ലഭിക്കുന്നു. (2 തെസ്സ. 2:13, 14). മുൾപ്പടർപ്പിൽ വച്ച് ദൈവം മോശയെ നേരിട്ട് വിളിച്ചു (പുറ. 3:1–6), എന്നാൽ അതുപോലെയുള്ള വിളി നാം പ്രതീക്ഷിക്കരുത്. തിരുവെഴുത്ത് പൂർണ്ണമായി ലഭിച്ചതോടെ അത്ഭുതകരമായ വെളിപ്പാട് നിന്നു പോയി. ബൈബിൾ നമുക്ക് ആവശ്യമുള്ളതെല്ലാം നൽകുകയും, "ദൈവത്തിന്റെ മനുഷ്യനായി" സൽപ്രവൃത്തിയിൽ തികഞ്ഞവനാക്കുവാനും ഉള്ളതാണ് (2 തിമൊ. 3:16, 17).

ശ്രദ്ധയോടെ കേൾക്കയും അനുസരിക്കുകയും ചെയ്യുമ്പോൾ രക്ഷ നൽകുന്നത് സുവിശേഷത്താലാണ് (റോമ. 10:17). "വിളിച്ച വിളിക്ക് യോഗ്യമായി" നാം നടക്കണം (എഫെ. 4:1). സുവിശേഷത്തിനനുസരിച്ച് അല്ലാതെ ജീവിക്കുന്നത് "അയോഗ്യമായിട്ടുള്ളതാണ്." സ്വർഗ്ഗത്തിലുള്ള കർത്താവിൽ നിന്ന് വന്നതാണ് സുവിശേഷം, അങ്ങനെയാണ് നമുക്ക് "സ്വർഗ്ഗീയ വിളി" ലഭിച്ചത്. എങ്ങനെയായാലും, ആർക്കും ആത്മാവിൽ നിന്നും, യേശുവിൽ നിന്നും അല്ലെങ്കിൽ പിതാവിൽ നിന്നും നേരിട്ടുള്ള വിളി ലഭിക്കുന്നില്ല. എല്ലാ മുന്നറിയിപ്പുകളും പ്രബോധനങ്ങളും തിരുവെഴുത്തിലുള്ളത്, നാം മനസ്സിലാക്കണം. ചെവി കേൾക്കാത്ത ഒരാളോട് ദൈവ വചനം കേൾക്കുവാൻ പറയുന്നില്ല.

### ജീവപര്യന്ത്യം വിശ്വസ്തരാകുക (3:1)

ക്രിസ്ത്യാനികൾക്കെതിരായി ഉപദ്രവം നേരിട്ടപ്പോൾ അവർ *ക്യൂരിയോസ് കൈസർ* ("യജമാനനായ കൈസർ") എന്ന് സമ്മതിക്കുന്നവരെ അതിൽ നിന്ന് വിടുവിക്കുമായിരുന്നു. അന്യദേവന്മാരുടെ പുരോഹിതൻ ചിലരെ നാശത്തിൽ നിന്ന് രക്ഷിക്കുവാൻ കൊണ്ടു പോകുമ്പോൾ പറഞ്ഞു, "ഒരു നുള്ളു ധൂപം എടുത്ത് കൈസറെ അഭയം ചൊല്ലിയാൽ നിങ്ങളെ വിടുവിക്കാം." മിക്കപേരും മറുപടി പറഞ്ഞത്, "ക്യൂരിയോസ് ക്രിസ്റ്റോസ് [കർത്താവായ ക്രിസ്തു]" ഈ പരീക്ഷണം ധാരാളം പേർ അഭിമുഖീകരിച്ചിരുന്നു. ഒരാൾ വിവേചിച്ചിരുന്നത്, "ഞാൻ ഇപ്പോഴും കർത്താവായ യേശുവിനെ മാത്രമാണ് 'നായകൻ,' ആയി ഹൃദയത്തിൽ സൂക്ഷിക്കുന്നത്, പക്ഷെ വായ്കൊണ്ട് ഞാൻ കൈസറെ ഏറ്റു പറയുന്നു." എന്നാൽ നമ്മുടെ ഹൃദയത്തിലുള്ളതും വായ് കൊണ്ടു ഏറ്റു പറയുന്നതും ഒന്നു തന്നെ ആയിരിക്കണം.

വിശുദ്ധ സഹോദരന്മാരെ എന്ന് വിളിച്ച യഹൂദ വിശുദ്ധന്മാർ യഹൂദ മതത്തിലേക്ക് തിരിച്ചു പോകുവാൻ സമ്മർദ്ദം നേരിട്ടു. അവർക്കും ഒരു പക്ഷെ ഇതേപോലെയുള്ള തിരഞ്ഞെടുക്കേണ്ട  അവസരം നേരിട്ടിരിക്കാം. ചുരുങ്ങിയത് അവരുടെ ജീവിതം അപായത്തിലാണെന്ന് അവർ തിരിച്ചറിഞ്ഞിരിക്കണം. "നല്ല സ്വീകാരം കഴിച്ച നമ്മുടെ മഹാപുരോഹിതൻ" ആയ യേശുവിനെ ആണ് ലേഖകൻ ഓർമ്മിപ്പിക്കുന്നത്. തീർച്ചയായും, അവന്റെ മാതൃക പിൻപറ്റുവാനാണ് നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നത്-ആവശ്യമെങ്കിൽ, മരണത്തോളം.

സത്യത്തിൽ, അവർ ക്രിസ്തുവിലുള്ള വിശ്വാസം നിലനിർത്തിയില്ലായെങ്കിൽ, ഏറ്റവും വലിയ വിപത്താണ് നേരിടേണ്ടി വരുന്നത്! വേഗത്തിൽ

വരുവാനുള്ള സംഭവങ്ങൾ യേശു മുന്നറിയിച്ചിരുന്നു. മത്തായി 24 ലെയും മർക്കൊസ് 13 ലെയും, ലൂക്കൊസ് 21 ലെയും കാര്യങ്ങൾ സംഭവിക്കുവാൻ തുടങ്ങുന്നത് എ.ഡി 66 ലെ മത്സരത്തിനും റോമാസൈന്യത്തിന്റെ വരവിനും ശേഷമാണ്. ഭക്തരായ യഹൂദന്മാർ യെരുശലേമിലും അതിനുചുറ്റുമായി കഴിയും. അവർ വിചാരിച്ചത് യെരുശലേം സൈന്യത്തിന്റെ ചുരുങ്ങിയ പ്രത്യക്ഷത വിടുവിപ്പിന്റെ ലക്ഷണമാണ് എന്നാണ്. വിശ്വസ്തരായ ക്രിസ്ത്യാനികൾ സത്യം മനസ്സിലാക്കിയിരുന്നു. ആ നാളുകൾ ചുരു[ങ്ങും] എന്നായിരുന്നു യേശു പറഞ്ഞത്, അത് "തെരഞ്ഞെടുക്കപ്പെട്ടവർ നിമിത്തം ആയിരുന്നു" (മത്താ. 24:22). റോമാസൈന്യം നഗരം നശിപ്പിക്കുന്നതിന് മുൻപ് ആളുകൾക്ക് ഓടിപോകുവാൻ അവസരം ലഭിച്ചിരുന്നു.

അവസരങ്ങൾ വന്നും പോയും ഇരിക്കും. കർത്താവ് മടങ്ങി വരുമ്പോൾ, നമ്മെ അവിശ്വസ്തരായി കണ്ടാൽ, വീണ്ടെടുക്കപ്പെട്ടവരോടുകൂടെ പുനപ്രവേശനം സാധ്യമല്ല. പഴയ നിയമ വ്യവസ്ഥയിൽ നിലനിന്ന എല്ലാ മഹത്വത്തിന്റെയും ബഹുമതി, മോശെയ്ക്കായിരുന്നില്ല, ക്രിസ്തുവിനായിരുന്നു എന്ന് യെരുശലേമിൽ നിന്ന് ഓടിപ്പോയ ക്രിസ്ത്യാനികളെ ഓർമ്മിപ്പിച്ചു.

**"അവനെ നിയമിച്ചു" (3:2)**

"നിയമിച്ചു," (*പോയിയെയോ*), അർത്ഥം "നിർമ്മിക്കുക." നാലാം നൂറ്റാണ്ടിലെ വിഭാഗമായിരുന്ന ആര്യന്മാർ, ആ വാക്കു നിർത്തി അതിനെ "നിർമ്മിച്ചു," അല്ലെങ്കിൽ "സൃഷ്ടിച്ചു" എന്നത് യേശുവിനെ പറയുമ്പോൾ അവൻ നിത്യമായി പിതാവിനോടുകൂടെ ആയിരുന്നുവെന്നാണ് അവകാശപ്പെടുന്നത്. അത് അധികം അക്ഷരീകമായ തർജിമയാണെന്ന് തോന്നുന്നു. പുരാതന വ്യാഖ്യാതാക്കൾ ഈ പ്രസ്താവനയെ ക്രിസ്തുവിന്റെ മാനുഷിക വശമായിട്ടാണ്, അല്ലാതെ അവന്റെ നിത്യ ദൈവീകത്വത്തെയല്ല പറയുന്നത് (യോഹ. 1:1–3 നോക്കുക). സകലത്തെയും സൃഷ്ടിച്ചപ്പോൾ യേശു പങ്കു ചേർന്നിരുന്നു (യോഹ. 1:3), അവൻ തീർച്ചയായും സൃഷ്ടിക്കപ്പെട്ട വ്യക്തിമാത്രമല്ല. യേശുവിന്റെ ദൈവീകത്വത്തെ പൂർണ്ണമായും തള്ളിക്കളഞ്ഞ തത്വചിന്തകനായിരുന്നു ആറാം-നൂറ്റാണ്ടിലെ സൊസിനിയസ്. യേശു സൃഷ്ടിക്കപ്പെട്ടവനും പിതാവിൽ നിന്നു താഴ്ന്നവനും ആണെന്നുള്ള ആര്യൻ ഉപദേശവും എതിരായതാണ്.

തീർച്ചയായും, ക്രിസ്തുവിന് ഒരു ശരീരം "ഒരുക്കിയിരുന്നു," അല്ലെങ്കിൽ നമുക്കുവേണ്ടി അവന് മരിക്കുവാൻ കഴിയുമായിരുന്നില്ല (എബ്രാ. 10:5). ദൈവപുത്രനായി വന്ന് നമുക്കു വേണ്ടി മരിച്ചില്ലായെങ്കിൽ നാം മരണത്തിന് അധീനരായി തീരുമായിരുന്നു. അക്കാരണത്താൽ, നമ്മുടെയെല്ലാം വേദനയും കഷ്ടതയും നമുക്കറിയാവുന്ന ബലഹീനതകളും നമുക്കു വേണ്ടി അവൻ അനുഭവിച്ചു (2:14). "അവന്റെ വിശുദ്ധിയും നാം പങ്കിടുന്നു" (12:10).

**"സകല ഭവനവും ചമയ്ക്കുവാൻ ഒരാൾ വേണം" (3:4)**

ആദ്യത്തെ കാരണത്തിന്റെ തത്വം "ഏതൊരു ഭവനവും ചമെപ്പാൻ ഒരാൾ വേണം" എന്ന പ്രസ്താവനയിൽ ഉൾപ്പെടുന്നു. ഈ ലോകം സ്വയമായി ഉത്ഭവിച്ചതല്ല, അതുപോലെയാണ് ഓരോ വ്യക്തിയും. മനുഷ്യൻ യാദൃശ്ചികമായി രൂപപ്പെട്ടതാണെന്ന സിദ്ധാന്തം സ്വീകരിക്കുന്നതിന് പല പ്രശ്നങ്ങൾ ഉണ്ട്. ജീവനുള്ള ഒന്നും യാദൃശ്ചികമായി ഉണ്ടാകുന്നതല്ല എന്ന് ഗണിതശാസ്ത്രജ്ഞന് കണക്കുകൂട്ടിയാൽ മനസ്സിലാകും. അതുകൊണ്ട്, നമ്മെയും ലോക

ത്തെയും “നിർമ്മിച്ചവൻ” ഉണ്ട്. കോൾസാഗൺ എന്ന ജ്യോതിശാസ്ത്രജ്ഞൻ കോണൽ യൂണിവേഴ്സിറ്റിയിൽ പ്രവർത്തിച്ചിരുന്നപ്പോൾ പ്രപഞ്ചത്തിനപ്പുറമായി മറ്റൊന്നും ഇല്ല എന്ന് വിശ്വസിച്ചിരുന്നു-അതായത് ദൃശ്യമായ ലോകത്തിൽ ദൈവത്തിന്റെ അസ്ഥിത്വമില്ല. പല പരിണാമങ്ങളെ പോലെ, അയാളും ഒരു മനുഷ്യനായി, ഏറ്റവും ബുദ്ധിയുള്ളവനായതു കൊണ്ടു മറ്റെല്ലാത്തിനെക്കാളും ബുദ്ധിയോടു കൂടെ ചിന്തിക്കുന്നു. തന്റെ പ്രേരണയുള്ള ഊഹത്താൽ സൗരയൂഥത്തിനപ്പുറവും വലിയ ശക്തി ഉണ്ടായേക്കാം എന്ന് കരുതുന്നു. എത്ര വിചിത്രം! മനുഷ്യ ശരീരത്തിന്റെ ഘടനകളിലേക്കും ലോകത്തിന്റെ രൂപ കല്പനകളിലേക്കും ഉറ്റു നോക്കിയിരുന്നെങ്കിൽ സാഗണ് ദൈവത്തെ കാണുവാൻ കഴിയുമായിരുന്നു. അവന് ചുറ്റും സൃഷ്ടികർത്താവിന്റെ തെളിവ് വിശ്വാസത്താൽ ലഭ്യമാണ്.

**“മുറുകെ പിടിച്ചു കൊണ്ടാൽ ...” (3:6)**

ഒരാൾ ദൈവകൃപയിൽ നിന്ന് വീണുപോയാൽ, അയാൾ ഒരിക്കലും രക്ഷപ്പെട്ടിരുന്നില്ല എന്നാണോ? ഇന്ന് ഒരാൾ കൃപയിൽ നിന്ന് വീണുപോയാൽ അയാൾ ക്രിസ്തുവിങ്കലേയ്ക്ക് വാസ്തവമായി പരിവർത്തനം ചെയ്തിട്ടില്ല എന്നോ അയാൾക്ക് രക്ഷ പ്രാപിക്കാൻ കഴിയുകയില്ല എന്നോ പറഞ്ഞാൽ അതിൽ ചില പ്രത്യേക തീർപ്പുകൾ ഉൾപ്പെടുന്നു: “ലോകത്തിന്റെ മാലിന്യത്തിൽ നിന്ന്” ഒരാൾ ഒരിക്കലും രക്ഷപ്പെടാതിരുന്നാൽ പത്രോസ് പറയുന്നത് പോലെ അയാൾക്ക് “അതിജീവിക്കുവാൻ” സാധ്യമല്ല (2 പത്രൊ. 2:20–22). ലോകത്തിന്റെ മാലിന്യം വിട്ട് ഓടാത്തവർ “വീണ്ടും” വീണുപോകുന്നില്ല. 3:12 ലെ “വീണുപോകൽ” എന്ന പ്രയോഗം ഈ കാര്യത്തിൽ ഉപയോഗിക്കുന്നത് അർത്ഥ ശൂന്യമാണ്. അത്തരം വ്യക്തി ലോകത്തിന്റെ മാലിന്യമാകുന്ന പാപത്തിൽ നിന്ന് ഒഴിഞ്ഞു മാറിയതായി “തോന്നുന്നതാണ്,” എന്നാൽ പത്രൊസ് പറയുന്നത് “രക്ഷ പ്രാപിപ്പാൻ” കഴിയും എന്നാണ്! അനിശ്ചിതമായ രക്ഷ അല്പം ആശ്വാസം നൽകുന്നതാണ്.

“വിശുദ്ധന്മാരുടെ സ്ഥിരോൽസാഹം” (“ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ രക്ഷ എന്നേക്കുമുള്ളത്”) എന്ന വാക്യം 6 ലെ നിബന്ധനയോടുകൂടിയ വാചകം ആവശ്യമില്ലാത്തതാണ്. തീർച്ചയായും, ചിലർ പറഞ്ഞേക്കാം, “നമ്മുടെ വീണ്ടും ജനനം രക്ഷയുടെ തെളിവാണ്.” ഞാൻ പലപ്പോഴും എന്റെ വിദ്യാർത്ഥികളോട് പറയാറുള്ളത്, “രക്ഷിക്കപ്പെട്ടതായി തീർച്ചയായും നിങ്ങൾക്കു തോന്നുന്നുവെങ്കിൽ, നിങ്ങൾക്ക് ഒരു തോന്നലുള്ളതായി അത് തെളിയിക്കുന്നു! അതാണ് നിങ്ങൾക്ക് ഉള്ളത്!” നമ്മുടെ രക്ഷയെ നമുക്ക് ഇപ്പോൾ ഉറപ്പിക്കാം. പക്ഷെ ആത്മിയമായ പക്വതയിലേക്ക് നാം തുടർച്ചയായി വളരണം (2 പത്രൊ. 1:5–11). നാം “നമ്മുടെ വിശ്വാസവും പ്രത്യാശയുടെ പ്രശംസയും അവസാനത്തോളം മുറുകെ പിടിച്ചുകൊണ്ടാൽ” മാത്രമാണ് നിത്യജീവന്റെ യാഥാർത്ഥ്യം നമ്മിൽ വരുന്നത് (വാ. 6). അതിനിടക്ക് നമുക്ക് ഉള്ളത് “നിത്യജീവന്റെ പ്രത്യാശയാണ്” (തിത്തൊ. 1:2). ദൈവത്തിന്റെ വാഗ്ദാനങ്ങളിലുള്ള നമ്മുടെ വിശ്വാസമാണ് നമുക്ക് വരുവാനുള്ള ജീവന്റെ ഉറപ്പ് നൽകുന്നത്. ആ പ്രത്യാശയാണ് തന്റെ വായനക്കാർ തള്ളിക്കളയുമെന്ന് ലേഖകൻ ഭയപ്പെട്ടത് (10:23; 6:11). പ്രത്യാശയുടെ ഉറപ്പ് “അവസാനത്തോളം” നാം ജാഗ്രതയോടെ സൂക്ഷിക്കണം എന്നത് നാം തിരിച്ചറിയണം.

“നാം വീണുപോയാൽ, വാസ്തവത്തിൽ രക്ഷിക്കപ്പെട്ടിട്ടില്ല” എന്ന

ഉപദേശം യേശുവിനു പോലും അറിയുകയില്ല എന്ന് കാണിക്കുന്നതാണ് യോഹന്നാൻ 15:1–6. മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ ഫലം കായ്ക്കുവാൻ കൊമ്പിനു കഴിയാത്തതുപോലെ, ക്രിസ്തുവിൽ വസിക്കാതെ ആർക്കും ഫലം പുറപ്പെടുവിക്കുവാൻ കഴിയുകയില്ല. അവിശ്വസ്തരായാൽ ദൈവം ഛേദിച്ചുകളയും എന്നതാണ് ആ ചിത്രീകരണത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. "മുന്തിരിവള്ളിയിൽ" എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം, ക്രിസ്തുവിൽ, വാസ്തവത്തിൽ പരിവർത്തനം ചെയ്തവർ എന്നാണ്. ക്രിസ്തുവിൽ ആയില്ലെങ്കിൽ, വാസ്തവത്തിൽ പരിവർത്തനം ചെയ്യുകയോ ക്രിസ്ത്യാനിയാവുകയോ ചെയ്തിട്ടില്ല. അതുപോലെ, ക്രിസ്ത്യാനിയായിട്ട് ഫലം കായിച്ചില്ലെങ്കിൽ, നഷ്ടപ്പെട്ടുപോയേക്കാം! വിശ്വാസത്യാഗം "അസാധ്യം" എന്നു പറയുന്നവർ "അവർ മുന്തിരിവള്ളിയിൽ പ്രത്യക്ഷപ്പെടുക മാത്രമാണ് ചെയ്തത്" എന്ന് വരുത്തി തീർക്കുകയാണ്, അത് യോഹന്നാന്റെ വേദഭാഗത്തിലില്ല.

ചിലർ ദൈവത്തിന്റെ വാഗ്ദാനങ്ങൾക്ക് ഊന്നൽ കൊടുക്കുകയും മാനുഷിക വികാരങ്ങളെ കാണാതെ അതിൽ യാതൊരു നിബന്ധനകളുമില്ലെന്ന് അവകാശപ്പെടുകയും ചെയ്യും. മറ്റൊരു അതിരുകവിഞ്ഞ കാര്യം, അവർ മാനുഷിക ബലഹീനതകൾക്ക് ഊന്നൽ കൊടുക്കും. രക്ഷ സൂക്ഷിക്കുവാൻ എന്തെങ്കിലും ദൈവിക സഹായം അവർക്ക് ലഭിക്കുമെന്ന് വിശ്വസിക്കുന്നില്ല. പത്രൊസ് പറഞ്ഞിരിക്കുന്നത് "നാം രക്ഷക്ക് വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടും" എന്നാണ് (1 പത്രൊ. 1:5). ഇപ്പോൾ നമുക്ക് ലഭിക്കുന്ന നിത്യജീവൻ നാം പിടിച്ചുകൊണ്ടില്ലെങ്കിൽ നഷ്ടപ്പെടും. നാം ആശ്രയിക്കുന്ന വിശ്വാസവും അനുസരണവുമുള്ളവരായി തുടർന്നാൽ നാം ക്രിസ്തുവിൽ സുരക്ഷിതരാണ്. നമുക്ക് ഇപ്പോൾ നിത്യജീവനുണ്ടെന്ന് വേദഭാഗങ്ങൾ നമ്മെ പഠിപ്പിക്കുന്നു, ഉദാഹരണമായി യോഹന്നാൻ 5:24–ൽ, "വിശ്വസിക്കുന്ന" എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് സൂചിപ്പിക്കുന്നത് തുടർ പ്രവൃത്തിയെയാണ്. നാം വിശ്വാസത്തിൽ തുടർന്നാൽ തുടർച്ചയായി സുരക്ഷയുള്ളവരായിരിക്കും. നാം അവനെ "അനുഗമിക്കുന്ന" ആടുകളാണെങ്കിൽ, നമ്മുടെ രക്ഷകന്റെ കൈകളിൽനിന്നും നമ്മെ ആർക്കും പിടിച്ചു പറിപ്പാൻ സാധ്യമല്ല. അതും തുടർ പ്രവൃത്തിയെയാണ് കാണിക്കുന്നത് (യോഹ. 10:27, 28). 2 പത്രൊസ് 1:5–11 ൽ പറഞ്ഞിരിക്കുന്നതുപോലെ, നാം ആത്മിയമായി വളരുകയും ക്രിസ്തീയ മനോഗുണങ്ങൾ കൂട്ടിച്ചേർക്കുകയും വേണം. അങ്ങനെ ചെയ്താൽ നാം ഒരു നാളും "ഇടറിപ്പോകയില്ല"! വിശ്വസ്തമായി വചനം ശുശ്രൂഷിക്കുന്നവരായി, വിശ്വാസം സൂക്ഷിക്കുവാനുള്ള മനുഷ്യന്റെ ഉത്തരവാദിത്തവും ദൈവത്തിന്റെ ശക്തിയും നാം ആളുകളെ പഠിപ്പിക്കണം.

"നാം ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ, ഒരിക്കലും വീണുപോകയില്ല" എന്ന് പഠിപ്പിക്കുന്നവർ തിരുവെഴുത്തിലെ തുറന്ന പ്രസ്താവനകൾ നിഷേധിക്കുന്നവരാണ്. ഉദാഹരണമായി ഗലാത്യർ 5:4 പറയുന്നത് ചിലർ "കൃപയിൽ നിന്ന് വീണുപോകും" എന്നാണ്. ബൈബിളിലെ വ്യക്തമായ ഒരു വേദഭാഗത്തിന്റെ അർത്ഥം ലംഘിക്കുമ്പോൾ അത് സത്യമാവുകയില്ല! ഫിലിപ്പ് എഡ്കം ഹ്യൂഗ്സ് എഴുതി, "എന്നാൽ അത് അർത്ഥമാക്കുന്നത് വിശ്വാസം ഏറ്റുപറയുന്നതും ജീവിതനിലവാരവും തമ്മിൽ വിപരീതമുണ്ടാകുമ്പോൾ അയാൾ ക്രിസ്ത്യാനിയാണോ എന്ന് പരിശോധിക്കണം [2 കൊ. 13:5]"[20] ഇപ്പോൾ അയാൾ "വിശ്വാസത്തിൽ" തന്നെ എന്നു പരിശോധിക്കുവാൻ കഴിയുകയില്ല എന്നാണ് പറഞ്ഞത്. കൊരിന്ത്യയിലുള്ള "വിശുദ്ധന്മാർക്ക്" എഴുതുമ്പോൾ

തന്റെ എഴുത്ത് വിശ്വാസമുള്ളവർക്ക് എന്നാണ് പറഞ്ഞത് (1 കൊ. 1:2; 2 കൊ. 1:1). ആ സഹോദരന്മാർ ഒരിക്കലും ക്രിസ്തുവിലായി തീർന്നിട്ടില്ലായെന്ന് അപ്പൊസ്തലന് പറയാൻ കഴിഞ്ഞില്ല. അവൻ അവരെ "വിശുദ്ധന്മാർ" എന്ന് വിളിച്ചതിൽ എന്തെങ്കിലും തെറ്റുണ്ടോ? അവർക്ക് ഒരിക്കലും വീണു പോകാൻ സാധ്യമല്ലെങ്കിൽ പിന്നെ എന്തിനാണ് അവരോട്, "നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് ശോധന ചെയ്വിൻ എന്നു പറഞ്ഞത് ..." (2 കൊ. 13:5) ? എന്തുകൊണ്ടാണ് അവരെ "ആകയാൽ നില്ക്കുന്നുവെന്ന് തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കികൊള്ളട്ടെ" എന്നു മുന്നറിയിച്ചത് (1 കൊ. 10:12)?

**ആത്മാവ് ഇപ്പോൾ എങ്ങനെ സംസാരിക്കുന്നു (3:7–11)**

ആത്മാവ് തന്റെ വചനം മുഖാന്തരം ആണ് സംസാരിക്കുന്നത് എന്ന് വ്യക്തമാക്കിയിരിക്കുന്നു. വർത്തമാനകാലത്തിൽ "പരിശുദ്ധാത്മാവ് പറയുന്നു" (വാ. 7) എന്നത് ഇപ്പോഴും അവൻ തന്റെ വചനം മുഖാന്തരം സംസാരിക്കുന്നതായി സൂചിപ്പിക്കുന്നു. "ഇന്ന്" എന്ന പ്രബോധനം വർത്തമാനകാലത്തെ വ്യക്തമാക്കുന്നു.

പലപ്പോഴും സുവിശേഷം കേൾക്കുന്നവർ അതിനാൽ ആഴത്തിൽ സ്വാധീനിക്കപ്പെടുന്നു, എന്നാൽ അനുസരിക്കുവാൻ കൂട്ടാക്കുന്നില്ല. പിൽക്കാലത്ത് സുവിശേഷം അനുസരിക്കുവാൻ അവർക്ക് പ്രയാസം നേരിടുന്നു. ക്രിസ്തുവിന്റെ അത്ഭുതകരമായ യാഗം തള്ളിക്കളയുന്നവർ, ഇപ്പോഴുള്ള ജീവിതത്തിൽ തന്നെ മടങ്ങി വരുവാൻ കഴിയാതെ വന്നേക്കാം (എബ്രാ. 10:26). "നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്" എന്നാണ് അപേക്ഷ (വാ. 8). സുവിശേഷ നിർദ്ദേശങ്ങളെ തള്ളിക്കളഞ്ഞാൽ നമ്മുടെ ഹൃദയം കഠിനപ്പെട്ടുപോകും. ചിലർ ദൈവ വചനത്തെ നിഷേധിച്ച് പാപത്തിൽ ജീവിക്കുവാൻ ആഗ്രഹിക്കുന്നത് കൊണ്ട് തങ്ങളുടെ ഹൃദയത്തെ കഠിനമാക്കും.

അവരുടെ പൂർവ്വ പിതാക്കന്മാർ ജീവിച്ചതു പോലെ ജീവിക്കാതിരിക്കേണ്ടതിനുള്ള മുന്നറിയിപ്പായിട്ടാണ്, ദൈവശ്വാസീയമായ സങ്കീർത്തനങ്ങൾ 95 അവതരിപ്പിച്ചത്. വചനം മുഖാന്തരമാണ് ഇപ്പോഴും ആത്മാവ് സംസാരിക്കുന്നതെന്ന് പുതിയ നിയമം വ്യക്തമാക്കുന്നു. തിരുവെഴുത്തിൽ രേഖപ്പെടുത്തിയ ആത്മാവിന്റെ സന്ദേശം ഒരാൾ ശ്രദ്ധയോടെ വായിക്കുമ്പോൾ മനസ്സിലാക്കുവാൻ സഹായം ലഭിക്കും. സ്തെഫാനൊസിന്റെ പ്രസംഗത്തെ യെഹൂദ പ്രമാണിമാർ തള്ളിക്കളഞ്ഞപ്പോൾ അവർ പരിശുദ്ധാത്മാവിനെയാണ് ത്യജിച്ചത് (പ്രവൃ. 7:51). വെളിപ്പാട് 2 ഉം 3 വായനക്കാരോട് പറയുന്നത് "ആത്മാവ് സഭകളോട് പറയുന്നത് ചെവിയുള്ളവൻ കേൾക്കട്ടെ" എന്നാണ്. അപ്പോൾ അത് സത്യമായിരുന്നത് പോലെ, ഇപ്പോഴും എഴുതിയിരിക്കുന്നത് നാം വളരെ ശ്രദ്ധിക്കണം (വെളി. 2:7, 11, 17, 29; 3:6, 13, 22). സഭയിൽ എല്ലാ തലമുറയിലും പരിശുദ്ധാത്മാവിനാൽ നൽകപ്പെട്ട നിർദ്ദേശവും നടത്തിപ്പും ആവശ്യമാണ്. ഇന്ന് വെളിപ്പാട് ലേഖനം വായിക്കുന്ന എല്ലാ സഭകൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ഓരോ ഇടവകയ്ക്കും നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത്.

നമുക്ക് ഇപ്പോഴും, വായിച്ച് മനസ്സിലാക്കി അനുസരിക്കത്തക്കവണ്ണമാണ് എഴുതപ്പെട്ട വചനം പരിശുദ്ധാത്മാവിനാൽ സംസാരിച്ചത്. സത്യമറിവാൻ ആഗ്രഹിക്കുന്നവർക്ക് മറ്റു പ്രത്യേക സഹായം ആവശ്യമില്ല. നാം ബുദ്ധിമാന്മാരാകുവാൻ ആഗ്രഹിച്ച് വായിച്ചാൽ, നമുക്കു കർത്താവിന്റെ ഇഷ്ടം

മനസ്സിലാകും (എഫെ. 5:17); അത് മനസ്സിലാക്കുവാനുള്ള കൽപ്പനയാണ്! "നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്" എന്നത് (വാ. 8) പലപ്പോഴും ലംഘിക്കപ്പെടുന്നു. ആളുകൾ പറയും, "ഞങ്ങൾക്ക് ബൈബിൾ മനസ്സിലാകുന്നില്ല!" അല്ല, അതിൽ പറയുന്നത് ചെയ്യുവാൻ ആഗ്രഹിക്കുന്നില്ല, അതുകൊണ്ട് അവർ മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. അവർക്ക് മനസ്സിലാകുന്നത് അവർ ചെയ്യുന്നില്ല! അജ്ഞതയിൽ നിന്ന് അജ്ഞതയിലേക്ക് നീങ്ങുന്നു. നമുക്ക് കേൾക്കുവാൻ താല്പര്യമില്ലെങ്കിൽ, നമ്മുടെ ഹൃദയം കഠിനപ്പെടുകയും, പിന്നെ ശ്രദ്ധിക്കുവാൻ പോലും തുനിയാതെ വരും. ആത്മീയമല്ലാത്ത ചവറുകൾ, സത്യസുഗന്ധത്തെ നശിപ്പിക്കുന്നു.

**"ഇന്ന് നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ" (3:7–11)**

"ഇന്ന്" എന്ന് എബ്രായർ 3 ൽ ഊന്നി പറഞ്ഞിരിക്കുന്നത് നമ്മുടെ പ്രസംഗത്തിന് വലിയ ഫലം ഉളവാക്കുന്നതാണ്. "എന്റെ ഇഷ്ടം അനുസരിക്കുവാൻ, നാളെയ്ക്കായി കാത്തിരിക്കുക," എന്ന് ദൈവം ഒരിക്കലും കല്പിച്ചിട്ടില്ല. ഇന്ന് പ്രവൃത്തിക്കേണ്ടതിന്റെ കാരണങ്ങൾ പിന്നീട് അവൻ പറഞ്ഞിരിക്കുന്നു; (1) മിക്കപേരും മതിയായതിലധികം കാത്തിരുന്നു കഴിഞ്ഞു. (2) നാളെ ഒരിക്കലും വരാതിരുന്നേക്കാം. (3) പിന്നീട് മാനസാന്തരപ്പെടുവാനും അനുസരിക്കുവാനും പ്രയാസം നേരിട്ടേക്കാം. (4) ഇപ്പോൾ അനുസരിക്കുവാനാണ് ദൈവം കല്പിച്ചിരിക്കുന്നത് (2 കൊ. 6:2). (5) സമയം ചെല്ലുന്തോറും അനുസരിക്കാനുള്ള താല്പര്യം ഒരാളിൽ കുറഞ്ഞേക്കാം. (6) പിന്നീട് അനുസരിക്കുന്നത് പ്രയോജനപ്പെടാതെയും ഇരുന്നേക്കാം. (7) അനുസരിക്കുവാനും ഇപ്പോഴത്തേതിനേക്കാൾ നല്ല ഒരു അവസരം ഒരിക്കലും ഉണ്ടാകാതെ വന്നേക്കാം.[21]

**അവിശ്വാസമുള്ള ദുഷ്ട ഹൃദയം (3:12, 13)**

അവിശ്വാസമാണ് ദുഷ്ട ഹൃദയം ഉത്ഭവിപ്പിക്കുന്നത്, അല്ലാതെ ചിലർ പറയുന്നത് പോലെ "പാപസ്വഭാവം" അല്ല. ദൈവത്തിന്റെ അസ്തിത്വത്തെ കുറിച്ചുള്ള തെളിവ് നിഷേധിക്കുന്നത് ബുദ്ധിയാണെന്ന് ആരും പറയുകയില്ല. അവന്റെ ഹൃദയം "ദുഷ്ടത," ഉള്ളതാകയാലാണ് അവൻ അങ്ങനെ ആയത്. അവന്റെ ഹൃദയം ദൈവത്തിലേക്ക് മടങ്ങി വന്നില്ലായെങ്കിൽ അവൻ അധപതനത്തിലേക്ക് പോകും. ഒരാൾ അശ്ലീല സാഹിത്യത്തിൽ കഴിഞ്ഞാൽ ഉദാഹരണമായി, അവന്റെ തിന്മ വളർത്തുവാനായിരിക്കും ആഗ്രഹിക്കുക. അങ്ങനെ അയാളുടെ ഹൃദയം സ്വാഭാവികമായി പാപത്താൽ കഠിനപ്പെട്ട് പോകും. വീണുപോകൽ നടപടി ഇങ്ങനെ വിവരിച്ചിരിക്കുന്നു:

> വാക്യങ്ങൾ 12 ഉം 13 ഉം ഒരുമിച്ച് വിവരിക്കുന്നത് തമ്മിൽ തമ്മിലുള്ള പ്രബോധനം തുടർച്ചയായി നടക്കാതെ വരുമ്പോൾ-ഒരു നിരീക്ഷകനും ആരംഭത്തിൽ അത് നിരീക്ഷിക്കുവാൻ കഴിയാതെ വരും. ഒരിക്കൽ അവിശ്വാസത്തിന്റെ വിത്ത് മുളയ്ക്കുവാൻ അനുവദിച്ചാൽ പിന്നെ ദുഷ്ടതയും, ദൈവത്തെ-ധിക്കരിക്കുന്ന ചിന്തകളും വ്യാപിക്കുവാൻ തുടങ്ങും. പിന്നീട് അത് അയാളുടെ മുഴുവൻ സ്വഭാവത്തെയും കീഴ്പ്പെടുത്തി മാറ്റി മറിക്കും. ... ദൈവത്തോടുള്ള അവന്റെ അടിസ്ഥാന പ്രതികരണം ഇല്ല എന്നായിരിക്കും. പിന്നീട് ഒരിക്കലും കീഴ്പ്പെടലിന്റെ അതെ എന്നത് അവനിൽ കാണുകയില്ല, അത് അവന്റെ സ്നാനത്തിൽ

ഏറ്റു പറഞ്ഞതാണ്.[22]

“വീ[ണു] പോകൽ” (*അഭിസ്റ്റെമി*), ജീവനുള്ള ദൈവത്തിൽ നിന്ന് മന പൂർവ്വമായി അകന്നു പോകുന്നതിനെയാണ് അന്തർലീനമാക്കുന്നത്. അത് വിശ്വാസത്യാഗ പ്രവർത്തിയാണ്, ഒരിക്കൽ ഒരാൾ പിടിച്ചുകൊണ്ടതിൽ നിന്നുള്ള വ്യതിയാനവുമാണ്. അത് ദൈവത്തിൽ നിന്നും ക്രിസ്തുവിൽ നിന്നും പിൻമാറിപോയിട്ട് തിരിച്ചുവരാത്ത വിധത്തിലുള്ള പ്രവൃത്തിയാണ്.

വീണുപോകൽ അപകടത്തിൽപ്പെട്ടവർക്ക് വാഗ്ദാനവും പ്രചോദനവും ആവശ്യമാണ് (വാ. 13). അത് സഭയിൽ ഇന്നു മുൻപത്തേക്കാളും ആവശ്യ മാണ്. ലോകത്തിന്റെ ചതിയിൽ അകപ്പെട്ട മനസ്സുകളും ഹൃദയങ്ങളും വിചാ രിക്കുന്നത് അവർക്ക് ക്രിസ്തുവോ സഭയോ ആവശ്യമില്ല എന്നാണ്. അങ്ങ നെയുള്ളവർക്ക് ശരിയായത് കാൺമാൻ കഴിയുകയില്ല, കാരണം അവരുടെ കാഴ്ചയ്ക്കുള്ള ആത്മാവിന്റെ ഞെരമ്പ് മുറിച്ച് കളഞ്ഞിരിക്കുന്നു.[23] നമുക്ക് പ്രചോദനമോ കൂട്ടായ്മയോ ആവശ്യമില്ല എന്നു കരുതിയേക്കാം, പക്ഷെ ഹൃദയം അതിനായി കാംക്ഷിക്കുന്നു.

**നാൾതോറുമുള്ള പ്രബോധനം (3:13)**

എബ്രായലേഖനത്തിലെ വീക്ഷണപിന്തുണ ഇല്ലാത്തവനാണ്, പ്രാദേശിക ഇടവകയുമായി ബന്ധമില്ലാതെ, ക്രിസ്ത്യാനിയായി ഒറ്റയ്ക്ക് കഴിയുന്നത്. ഒരാൾക്ക് കാണുവാൻ കഴിയാത്ത സഹായമാണ് ശരീരത്തിലെ സഹ അംഗ ങ്ങളിൽ നിന്ന് ലഭിക്കുന്നത്. നമ്മുടെ ജീവിതത്തിൽ മറ്റുള്ളവർ വിശുദ്ധന്മാർ ചെലുത്തുന്ന നിരന്തരമായ സ്വാധീനം ആരാധനയിൽ ലഭിക്കുന്നു. ആർക്ക് തനിയെ നിൽക്കുവാൻ കഴിയും? “ശരീര ആരാധന” യുടെ വില യേശു അറിഞ്ഞിരിന്നു, ആകയാൽ അത് നൽകുവാൻ സഭയെ ചുമതലപ്പെടുത്തി. “പാപത്തിന്റെ ചതിയാൽ” ഹൃദയം കഠിനപ്പെട്ട് പോയേക്കാം, തുടർച്ചയായ പ്രബോധനവും സഹക്രിസ്ത്യാനികളുടെ കൂട്ടായ്മയും ലഭ്യമാകാതെ വരു മ്പോൾ അങ്ങനെ സംഭവിക്കും.

“പ്രബോധനം,” എന്ന വാക്കിനുപയോഗിച്ച ഗ്രീക്ക് വാക്ക് *പാരകലെയോ*, ശക്തമായ പ്രബോധനത്തെ ബോധ്യമാക്കുന്നു. ഒരു ഗ്രീക്ക് സൈന്യാധിപൻ ആജ്ഞ കൊടുത്ത് ധൈര്യത്തോടെ തന്റെ കീഴിലുള്ളവരെ ഉണർത്തുന്ന രീ തിയാണ് ഇവിടെ വിവരിക്കുന്നത്. ഈ രീതിയിൽ ഉയർത്തിക്കഴിഞ്ഞാൽ, പടയാളികൾ കൂടുതൽ ശക്തിയോടെ പൊരുതും.

“പ്രബോധനമോ പ്രോത്സാഹനമോ ഇല്ലാതെ സഭാംഗങ്ങൾ പലപ്പോഴും എത്രയോ പേർ പിന്തിരിഞ്ഞുപോയിരിക്കുന്നു!”[24] നാം നമ്മുടെ സഹോദരി സഹോദരന്മാരെ ദിവസവും പ്രോത്സാഹിപ്പിക്കണം. ആരംഭം മുതൽ, ദൈവ ത്തോടുകൂടെ നടക്കുമ്പോൾ, നേരിടുന്ന പരീക്ഷണങ്ങൾ ലഭിക്കുവാനിരിക്കുന്ന തേജസ്സുമായി താരതമ്യം ചെയ്യുമ്പോൾ സാരമില്ല എന്നു കാണാം (2 കൊ. 4:16-18). തന്നെ സ്നേഹിക്കുന്നവർക്ക് അവൻ “സകലവും നന്മയ്ക്കായി പ്രവൃത്തിക്കും” (റോമ. 8:28). ഓരോ ദിവസവും ഉള്ള ജീവിതത്തിൽ ഈ പ്രാധാന്യം മനസ്സിലാക്കി വേണം നീങ്ങുവാൻ. പലപ്പോഴും അവ നമ്മുടെ ഓർമ്മയിൽ വരാതിരുന്നേക്കാം. ഒരു കുടുംബം ആരാധനയിൽ ഒരുമിച്ച് പങ്കെടുക്കുമ്പോൾ വൈകാരികമായ വിവാഹമോചനം ഒഴിവാക്കുവാൻ കഴി യും. കുടുംബത്തിലെ അപ്പൻ നിരന്തരമായി ആരാധനയ്ക്ക് പങ്കെടുത്താൽ,

തന്റെ മക്കൾ കൃത്യവിലോപം വരുത്തി കോടതികളിൽ കയറാതിരിക്കും.

ദൈവവചന ധ്യാനത്തോടുകൂടി, ഭൂമിയിലെ കൂട്ടായ്മ തുടർന്ന് കഴിയുമ്പോൾ ഭാരങ്ങൾ വിശ്വാസത്താൽ നീങ്ങിപ്പോകുന്നു. യഹൂദശിഷ്യന്മാർക്ക് അവരുടെ അബ്രഹാമിലുള്ള സഹോദരങ്ങളിൽ നിന്ന് സമുദായഭ്രഷ്ട് എന്ന ഭീഷണി നേരിട്ടിരുന്നു. എന്നാൽ അവർ സ്വീകരിച്ച ഇപ്പോഴത്തെ വിശ്വാസം ആദ്യത്തേതിനേക്കാൾ വിലയുള്ളതാണ്.

**ക്രിസ്തുവിന്റെ പങ്കാളികൾ (3:14)**

"ക്രിസ്തുവിന്റെ പങ്കാളികൾ" ആകുന്നത് എത്ര അനുഗ്രഹപ്രദമാണ്! നാം ക്രിസ്തുവിനോടു കൂടെ മാത്രം നിത്യതേജസ്സിൽ പങ്കാളികളാകുന്നതിനാൽ ആ പ്രയോഗത്തിൽ "ക്രിസ്തുവിനോടുകൂടെ," "ക്രിസ്തുവിൽ," അല്ലെങ്കിൽ "ക്രിസ്തുവിന്റെ" എന്നിവയിൽ ഏത് ഉപയോഗിച്ചാലും അത് കാര്യമല്ല. ആ വാക്യം ക്രിസ്തുവിനോടുള്ള നമ്മുടെ ആത്മീയ ഐക്യതയാണ് കാണിക്കുന്നത്. ചിലർ ഉപദേശം കാര്യമാക്കാതിരിക്കുകയോ, ഒരു ചോദ്യം "മുഖ്യകാര്യം" ആക്കുകയോ മറ്റു ചിലത് "പ്രാധാന്യരഹിതം" ആക്കുകയോ ചെയ്യുന്നിടത്തോളം "ക്രിസ്തുവിന്റെ പങ്കാളികൾ" ആയി യോജിക്കുകയില്ല. അത്തരം ചിന്തകൾ പൊതുവിൽ ദൈവം ആവശ്യപ്പെടുന്നതിനെ കുറിച്ച് തങ്ങൾക്കു ഇഷ്ടമുള്ളതു സ്വീകരിക്കുവാനും ഇഷ്ടമില്ലാത്തതിനെ തിരസ്ക്കരിക്കുവാനും ഇടയാക്കും.

വാസ്തവത്തിലുള്ള ഐക്യതക്ക് അവൻ നിയമിച്ച വഴിയിൽ നാം ആദ്യം ക്രിസ്ത്യാനിയാവണം-അത് അനുസരണമുള്ള വിശ്വാസത്താലും സ്നാനത്താലുമാണ് (ഗലാ. 3:26, 27). വിശ്വാസത്തിന്റെ അടിസ്ഥാനം നാം സ്വീകരിച്ച്, അതിനെ മുറുകെ പിടിച്ച് ക്രിസ്തുവിലുള്ള നമ്മുടെ സഹോദരങ്ങളുമായി രക്ഷകനോടുകൂടെ യോജിക്കണം നാം വെളിച്ചത്തിൽ നടക്കുന്നു എങ്കിൽ നമുക്ക് മറ്റുള്ളവരോട് കൂട്ടായ്മയുണ്ട് എന്നാണ് യോഹന്നാൻ പറഞ്ഞത് (1 യോഹ. 1:7). ശുദ്ധീകരണത്തോടുകൂടെ നമ്മുടെ കൂട്ടായ്മയും തുടരേണ്ടതല്ലേ? നാം നമ്മുടെ കൂട്ടായ്മ നിയന്ത്രിക്കുന്നു, എന്നാൽ ദൈവം തന്റെ ശരീരത്തിലൂടെ അംഗത്വം നിയന്ത്രിക്കുന്നു. നമ്മുടെ ഉപദേശം അവന് ആവശ്യമില്ല.

കൽപനകൾ തിരഞ്ഞെടുത്തു പരിശീലിക്കുകയും, മറ്റുള്ളവരെ വിധിക്കുകയും ദൈവത്തെ ഉപദേശിക്കുകയും ചെയ്യുന്നത് അവസാനിപ്പിക്കണം. ക്രിസ്തുവിനെയും അവന്റെ സത്യത്തെയുമാണ് നാം മുറുകെ പിടിക്കേണ്ടത് -കൂടാതെ അത് അവസാനത്തോളം മുറുകെ "പിടിക്കയും" വേണം (വാ. 14).

**നമുക്ക് ദൈവത്തെ കോപിപ്പിക്കുവാൻ കഴിയും (3:16, 17)**

"കോപിപ്പിക്കുക" (*പാരാപിക്രെയിനോ*) അർത്ഥം, "പ്രകോപനം ജനിപ്പിക്കുക," അല്ലെങ്കിൽ "സംക്ഷോഭിപ്പിക്കുക" എന്നാണ്. നാം വചനത്തിൽ നിന്ന് അകന്ന് ഹൃദയ കാഠിന്യത്താൽ ദൈവത്തെ കോപിപ്പിക്കുമ്പോൾ ദൈവത്തിന്റെ ദീർഘക്ഷമ നിന്നുപോകുന്നു. ഒരാൾ എബ്രായർ 6:4-6 ൽ പറഞ്ഞിരിക്കുന്ന അനവധി അനുഗ്രഹങ്ങൾ പ്രാപിച്ചശേഷം പിന്തിരിഞ്ഞുപോയാൽ ദൈവകോപത്തിൽനിന്നും അയാൾ തെറ്റി ഒഴിയുകയില്ല. യിസ്രായേൽ ജനം മരുഭൂമിയിൽ വെച്ച് പാപം ചെയ്തപ്പോൾ അവർ വീണുപോകയും, അവരുടെ ശവങ്ങൾ വെയിലത്ത് കിടക്കുകയും ചെയ്തു. നാൽപതു വർഷം ദൈവം ആ ജനത്തോട് നീരസപ്പെട്ടു. അവർ അതിന് അർഹരായിരുന്നു. "കഴുകന്റെ

ചിറകിന്മേൽ” എന്നവണ്ണം ദൈവം അവരുടെ മേൽ അനുഗ്രഹം ചൊരിഞ്ഞു അവരെ മിസ്രയിമിൽ നിന്നു വിടുവിച്ചുകൊണ്ടുവന്നു (പുറ. 19:4). ദൈവം അവർക്ക് ഒരു അപ്പൻ എന്നപോലെ, സ്വർഗത്തിൽനിന്നു മന്നാ പൊഴിച്ചുകൊടുക്കയും, കഴിക്കുവാൻ കാടകളെ നൽകുകയും, കുടിക്കുവാൻ പാറയിൽനിന്ന് ജലം നൽകുകയും, തന്നിൽ വിശ്വസിച്ചവനെ നായകനാക്കുകയും ചെയ്തു. ഇത്രയൊക്കെ ചെയ്തിട്ടും തന്നെ വിട്ടുപോയ ജനത്തോട് ദൈവം എങ്ങനെ കോപിക്കാതിരിക്കും? തീർച്ചയായും, അവൻ നാൽപതു വർഷം അവരോട് കോപിച്ചു! നാം ദൈവത്തെ കോപിപ്പിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് പെട്ടെന്ന് മാറുക.

**അനുസരിക്കാതിരിക്കുന്നതിന്റെ അവിശ്വാസം (3:18, 19)**

തുടർച്ചയായി ദൈവത്തെ അനുസരിക്കാതിരുന്നവർ ദൈവത്തിന്റെ കോപം നേരിട്ടു. യിസ്രായേൽ മക്കൾ താൽപര്യത്തോടെയാണ് തങ്ങളുടെ യാത്ര തുടങ്ങിയത്, പക്ഷെ ഒരേ ഭക്ഷണം മാത്രം കഴിച്ചുകൊണ്ടിരുന്നപ്പോൾ, മിസ്രയിമിൽ അവർ അനുഭവിച്ച ഭയങ്കര കഷ്ടതകൾ മറക്കുകയും വയറിനെ കുറിച്ച് മാത്രം ചിന്തിക്കുകയും ചെയ്തു (സംഖ്യ. 11:5). ദൈവജനം അവിടത്തെ ആഹാരത്തെ കുറിച്ച് ഓർത്തപ്പോൾ, അവർ അനുഭവിച്ച അടിമത്വത്തെ മറന്നുപോയി.

പാപത്തിൽ നാം മുതിർന്നു വന്നാൽ മാറുവാൻ പോലും ആഗ്രഹം പ്രകടിപ്പിക്കുകയില്ല. നമുക്ക് ചുറ്റുമുള്ളവർക്ക് അങ്ങനെയാകുമ്പോൾ തിരിച്ച് കർത്താവിന്റെ കൽപനയിലേക്ക്, മാനസാന്തരപ്പെടുത്തി മടക്കി കൊണ്ടുവരുവാൻ പ്രയാസം നേരിടും. അനുസരണക്കേടിലേക്ക് നയിക്കുന്ന എന്തിനേയും നാം താമസിക്കാതെ തന്നെ അതിജീവിക്കണം. അല്ലെങ്കിൽ ദൈവകോപം നമ്മിൽ വരും.

എബ്രായ ലേഖനത്തിലെ മുഖ്യ ചിന്ത അനുസരണം ആണ്. “സുവിശേഷം അനുസരിച്ചിട്ടില്ലാത്തവരിൽ” അന്ത്യനാളിൽ ദൈവക്രോധം ആയിരിക്കും വരുന്നത് എന്ന് ഓർമ്മിക്കുക (2 തെസ്സ. 1:7-9). അനുസരിക്കുന്നവർക്കാണ് രക്ഷ നൽകുന്നത് (എബ്ര. 5:8, 9). വാക്യം 18 ലും 19 ലും യോഹന്നാൻ 3:36 ലും പറഞ്ഞിരിക്കുന്നതു പോലെ, അനുസരണക്കേടും അവിശ്വാസവും എബ്രായ ലേഖനത്തിൽ യോജിപ്പിച്ചു പറഞ്ഞിരിക്കുന്നു. പുതിയ നിയമത്തിൽ വിശ്വാസവും അനുസരണവും യോജിപ്പിച്ചാണ് നിർത്തിയിരിക്കുന്നത്. രക്ഷക്ക് വിശ്വസ്തത ആവശ്യമാണ്; “നിബന്ധനകളില്ലാത്ത നിത്യമായ ഭദ്രത” എന്ന ആശയം തിരുവെഴുത്തിന് അന്യമാണ്.

---

കുറിപ്പുകൾ

[1]അനവധി സമാനതകളും വ്യത്യാസങ്ങളും മോശെക്കും യേശുവിനും തമ്മിൽ ഉള്ളതായി ജെയിംസ് കോഫ്മാന്റെ കമെന്ററി ഓൺ ഹീബ്രൂസിൽ പറഞ്ഞിരിക്കുന്നു (ആസ്റ്റിൻ, ടെക്സ്.: ഫെം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1971), 67–69. [2]പിന്നീടുണ്ടായ ചില കയ്യെഴുത്തു പ്രതികളിലെ 1 തെസ്സലൊനിക്യർ 5:27–ൽ. “വിശുദ്ധ സഹോദരന്മാർ” എന്നാണ്, കെജെവി എൻകെജെവി എഎസ്വി, എൻഎഎസ്ബി, എൻഐവി, ആർഎസ്വി എന്നിവയിൽ “വിശുദ്ധ” എന്നത് ഒഴിവാക്കിയിരിക്കുന്നു, കാരണം നല്ല കയ്യെഴുത്ത് പ്രതിയിൽ അത് ഇല്ല. [3]വാൾടർ ബാവർ ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ

ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ക്രിസ്ത്യൻ ലിറ്ററേച്ചേഴ്സ് 3ഡ് എഡി. റെവ. എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ചിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ചിക്കാഗോ പ്രസ്സ്, 2000), 122. [4]ഫിലിപ്പ് എഡ്ജ്കം ഹൂഗ്സ്, ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 127. [5]ജെയിംസ് തോംസൺ, ദ ലെറ്റർ ടു ദ ഹീബ്രൂസ് ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1971), 49. [6]പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് "ഭൃത്യൻ" എന്നതിന് പ്രത്യേക ഗ്രീക്ക് വാക്ക് ഉപയോഗിച്ചിരിക്കുന്നത്, എന്നാൽ LXX. ൽ അടിക്കടി ഉപയോഗിച്ചിട്ടുണ്. അത് തെറാപ്പോൺ എന്ന വാക്കാണ്, ഒരാൾ തന്റെ ഉയർന്ന ഉദ്യോഗസ്ഥനു താഴെയാണെന്ന് കാണിക്കുന്നു. [7]ബ്രൂക്ക് ഫോസ്സ് വെസ്റ്റ്കോട്ട്, ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ് ദ ഗ്രീക്ക് ടെക്സ്റ്റ് വിത്ത് നോട്ട്സ് ആന്റ് എസ്സെയ്സ് (ലണ്ടൻ: മാക്മില്ലൻ & കമ്പനി., 1889; റീപ്രിന്റ്, ഗ്രാന്റ് റാപിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1973), 78. [8]ഹ്യൂഗ്സ്, 139. [9]തോംസൺ, 54. [10]തോമസ് ഹെവിറ്റ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്, ആൻ ഇൻട്രോഡക്ഷൻ ആന്റ് കമെന്ററി, ദ ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1960), 82.

[11]റെയ്മണ് ബ്രൗൺ, ദ മെസേജ് ഓഫ് ഹീബ്രൂസ്, ക്രൈസ്റ്റ് എബൊവ് ആൾ ദ ബൈബിൾ ബുക്സ് ടുഡേ (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ വാഴ്സിറ്റി പ്രസ്സ്, 1982), 84. [12]തോംസൺ, 55. [13]ഡൊണാൾഡ് ഗത്രി, ദ ലെറ്റർ ടു ദ ഹീബ്രൂസ്: ആൻ ഇൻട്രോഡക്ഷൻ ആന്റ് കമെന്ററി, ദ ടിൻഡേൽ ന്യു ടെസ്റ്റമെന്റ് കമെന്ററിസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1983), 109. [14]തോംസൺ, 55-56. [15]മെറിൽ സി. ടെനി, ന്യൂ ടെസ്റ്റമെന്റ് സർവ്വെ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1961), 361. [16]സൈമൺ ജെ. കിസ്റ്റേമേക്കർ ആൻ എക്സ്പൊസിഷൻ ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്, ന്യു ടെസ്റ്റമെന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, ബേക്കർ ബുക്ക് ഹൗസ്, 1984), 97. [17]ആൽബർട്ട് ബാർണെസ്, നോട്സ് ഓൺ ദ ന്യു ടെസ്റ്റമെന്റ്: ഹീബ്രൂസ് ടു ജൂഡ് (ലണ്ടൺ: ബ്ലാക്കി & സൺ, 1884-85; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1985), 90. [18]ഗത്രി, 110. [19]അതേ പ്രയോഗമാണ് എൻഎഎസ്ബി, എഎസ്വി, ഐഎസ്വി, ആന്റ് എൻആർഎസ്വി എന്നിവയിൽ. എൻഐവിയിലും "വിശ്വസിക്കുന്നു," "തള്ളിക്കളയുന്നു" എന്നാണ്. [20]ഹ്യൂഗ്സ്, 139.

[21]കോഫ്മാൻ, 70. [22]ജെറാൾഡ് എഫ്. ഹാവ്ത്രോൺ, "ഹീബ്രൂസ്" ഇൻ ദ ന്യു ടെസ്റ്റമെന്റ് ബൈബിൾ കമെന്ററി, എഡി. എഫ്. എഫ്.ബ്രൂസ്, എച്ച് എൽ എലിസൺ, ആന്റ് ജി. സി. ഡി. ഹോലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1986), 1511-12. ഹാവ്ത്രോണിന്റെ അഭിപ്രായം, യോഹെനെസ് സ്കൂഡെറ്റിന്റേ തായിരുന്നു. ദ ലെറ്റർ ടു ദ ഹീബ്രൂസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബിയു. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1957), 31-32. [23]ഗാരേത്ത് എൽ. റീസ്, ഏ ക്രിട്ടിക്കൽ ആന്റ് ഇവാഞ്ചെലിക്കൽ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ് (മോബെർലി, മോ.: സക്രിപ്ച്ചർ എക്സ്പൊസിഷൻ ബുക്ക്സ്, 1992), 49. [24]ബാർണെ സ്, 85.